ദി ഡിഫെൻഡർ

Vol. No. 10 Issue No. 17 | RNI Reg. No. 68089 / 97 | Published From Perumbavoor | 2007 September 1 | Price: Rs.100/- P.A.

# മോഷണായി വീണ്ടും അവാർഡുകൾ വാരിവിതറുന്നു

അവാർഡ്ദാനം തൊഴിലാക്കിയ മോഷണായി വീണ്ടും അവാർഡുകൾ നൽകുന്നു. ഇത്തവണ 20 അവാർഡുകളാണ് പ്രഖ്യാപിച്ചിട്ടുളളത്. സെപ്റ്റംബർ 9ന് തിരുവല്ല വൈ.എം.സി.എയിൽ നടക്കുന്ന ചടങ്ങിലാണ് അവാർഡ് വിതരണം. ഏതെങ്കിലും കേന്ദ്രമന്ത്രിയെ കൊണ്ടുവന്ന് അവാർഡ് വിതരണം നടത്താനാണ് ശ്രമം. അത് സാധിച്ചില്ലെങ്കിൽ ഗവർണ്ണറേയോ അതുപോലുള്ള മറ്റാരേയെങ്കിലുമോ കൊണ്ടുവന്നെന്നും വരാം. ഏതായാലും വ്യഭിചാരരത്നമായ ടി.എസ്.ഏബ്രഹാം ഉണ്ടാകുമെന്നുറപ്പ്.

പ്രമുഖ കള്ളനായ പി.പി ജോബാണ് പ്രധാന അവാർഡ് ജേതാവ്. അവാർഡ് ദാനവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും വഹിക്കുന്നതും പി.പി.ജോബാണ്. ആ വകയിൽ ഒരുലക്ഷം രൂപ അഡ്വാൻസായി കൊടുത്തുകഴിഞ്ഞു. അവാർഡിന് ചുണയുണ്ടാക്കാൻ രമേശ് ചെന്നിത്തലയ്ക്കും അവാർഡ് കൊടുക്കുന്നുണ്ട്.

ഇവരെ കൂടാതെ 18 ശുംഭൻമാർക്കും അവാർഡ് കൊടുക്കുന്നുണ്ട്. ജോർജ് മാത്യു പുതുപ്പള്ളി, എം.എ.വർഗീസ് ബാംഗ്ലൂർ, മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ, ഡോ.ജോർജ് സാമുവൽ, ഡോ.റ്റി.പി.ഏബ്രഹാം, കെ.എ.ഏബ്രഹാം, അഡ്വ. വർഗീസ് മാമ്മൻ, കുഞ്ഞ് കോടിയാട്ട്, എൻ.റ്റി.ജെ.കല്ലിശ്ശേരി, പോൾ സുരേന്ദ്രൻ, റെജി കെ.തോമസ്, മേരി കോവൂർ, സൂസൻ ബി.ജോൺ, മാത്യു ഫിലിപ്പ്, ഏബ്രഹാം മന്ദമരുതി, നിസ്സി കുര്യൻ, സാബു ചാപ്രത്ത്, സ്മിത ചാക്കോ എന്നിവരാണ് മോഷണായിയുടെ അവാർഡ് വാങ്ങുന്ന മഹാത്മാക്കൾ. ഇവരിൽ ജോർജ് സാമുവേൽ, റ്റി.പി.ഏബ്രഹാം, വർഗ്ഗീസ്



ഓരോ അവാർഡും
ഈ വലിപ്പമുള്ളതാണ്

മാമ്മൻ, മാത്യു ഫിലിപ്പ്, സൂസൻ ബി.ജോൺ എന്നിവർക്ക് മോഷണായി കഴിഞ്ഞ വർഷവും അവാർഡ് കൊടുത്തിരുന്നു.

അവാർഡ് കൊടുക്കലും വാങ്ങലും തൊഴിലാക്കിയ ആളാണ് മോഷണായി. കഴിഞ്ഞവർഷം പതിനഞ്ച് വിഡ്ഢികൾക്ക് മോഷണായി അവാർഡ് കൊടുത്തിരുന്നു. അതുകഴിഞ്ഞ് പി.എ.വി. സാമിനും ഉമ്മൻ ചാണ്ടിക്കും അവാർഡ് കൊടുത്തു. അതിനായി ഒരു ലക്ഷം രൂപ പി.എ.വി സാം മോഷണായിക്ക് കൊടുക്കുകയും ചെയ്തു. ഇതിനൊക്കെ എതിരെ ഡിഫെൻഡർ പലവട്ടം എഴുതിയതുകൊണ്ട് ഇക്കൊല്ലം അവാർഡ് കൊടുത്തിരുന്നില്ല. എന്നാൽ കുറെ അവാർഡ് കൊടുത്ത് പണമുണ്ടാക്കാതെ നിലനിൽക്കാനാവില്ല എന്ന സ്ഥിതിവന്നപ്പോൾ മോഷണായി ഈ അവാർഡുകൾ പ്രഖ്യാപിക്കയായിരുന്നു.

മോഷണായി അവാർഡ് കൊടുക്കുന്നവരിൽ ഭൂരിപക്ഷവും മോഷണായിയുടെ പത്രത്തിൽ പരസ്യം കൊടുക്കുന്നവരാണ്. സംശയമുള്ളവർ മോഷണായിയുടെ പത്രത്തിൽ സ്ഥിരമായി പരസ്യം ചെയ്യുന്നവരുടെ പേരുകൾ എഴുതി അവാർഡ് ജേതാക്കളുടെ ലിസ്റ്റുമായി താരതമ്യം ചെയ്ത് നോക്കുക. പരസ്യം നൽകാത്ത ചിലരുടെ പേരുകളും ഉണ്ടെന്നത് ശരിതന്നെ. സംഗതി നിഷ്പക്ഷമാണെന്ന് തോന്നിക്കാൻ ഇങ്ങനെ ചില പേരുകൾ വേണമല്ലോ.

അവാർഡ് ജേതാക്കളിൽ പ്രമുഖനായ പി.പി.ജോബ് പൊൻമുട്ടയിടുന്ന താറാവാണ്. സുവിശേഷത്തിന്റെ മറവിൽ കോടികൾ സമ്പാദിച്ചിട്ടുള്ള ഈ നീചൻ പ്രശസ്തിക്കുവേണ്ടി എത്രത്തോളം തരംതാഴാനും തയ്യാറുള്ളവനാണ്. ഇയാളെ സന്തോഷിപ്പിച്ചു നിർത്തിയാൽ പരസ്യം, സംഭാവന തുടങ്ങിയ ഇനങ്ങളിലായി മോഷണായിക്ക് വൻതുകകൾ ലഭിച്ചുകൊണ്ടിരിക്കും. ഈ ലക്ഷ്യത്തോടെയാണ് മോഷണായി ഇയാൾക്ക് അവാർഡ് കൊടുക്കുന്നത്.

രമേശ് ചെന്നിത്തലയ്ക്കും മാർ ക്രിസോസ്റ്റത്തിനും മറ്റും ലഭിച്ച അവാർഡാണെന്നു പറയുമ്പോൾ കാര്യത്തിന് ഒരു ഗമയൊക്കെയുണ്ടാകും. അതിനായാണ് ഇവർക്കുകൂടി അവാർഡ് കൊടുക്കുന്നത്. പണക്കാരായ നിരവധി പെന്തക്കോസ്ത് നേതാക്കൻമാരെ അവാർഡുമായി മോഷണായി സമീപിച്ചെങ്കിലും മേല്പടിയാൻമാർ മാത്രമാണ് വിഡ്ഢിവേഷം കെട്ടാൻ തയ്യാറായത്.

## ചെന്നിത്തലക്ക് നാണമില്ലേ?



അസാമാന്യ തൊലിക്കട്ടിയുള്ളവരാണ് രാഷ്ട്രീയക്കാർ എന്നറിയാം. എങ്കിലും മോഷണായിയുടെ അവാർഡ് വാങ്ങാനുള്ള തൊലിക്കട്ടി അപൂർവ്വം ചില രാഷ്ട്രീയ നേതാക്കൻമാർക്കു മാത്രമേ ഉണ്ടാകൂ. അത്തരത്തിലുള്ള ഒരാളാണ് രമേശ് ചെന്നിത്തല എന്ന് ഇപ്പോൾ വ്യക്തമായി.

തൊലിക്കട്ടിയുടെ കാര്യത്തിൽ ഉമ്മൻ ചാണ്ടിയും മോശക്കാരനല്ലെന്ന് കഴിഞ്ഞവർഷം തെളിഞ്ഞിരുന്നു. പി.എ.വി സാമിന് മഹത്വമുണ്ടാക്കാൻ പി.എ.വി സാം തന്നെ പണം മുടക്കി മോഷണായിയേക്കൊണ്ട് അവാർഡ് ദാനം നടത്തിച്ചപ്പോൾ ഉമ്മൻ ചാണ്ടിയേയും ഒപ്പം കൂട്ടി. പണം മുടക്കിയത് പി.എ.വി സാമായിരുന്നതുകൊണ്ട് ഉമ്മൻ ചാണ്ടിക്ക് നഷ്ടമൊന്നും ഉണ്ടായില്ല. ആവശ്യത്തിലധികം തൊലിക്കട്ടിയുള്ളതുകൊണ്ട് നാണക്കേട് ഫീൽ ചെയ്തതുമില്ല. ഉമ്മൻചാണ്ടിയുടെ സ്ഥാനത്ത് മോഷണായി ഇക്കൊല്ലം രമേശിനെ കണ്ടെത്തി. പി.എ.വിയുടെ സ്ഥാനത്ത് ജോബും.

ഉന്നത സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ആളാണ് രമേശ് ചെന്നിത്തല. അങ്ങനെയുള്ള ഒരാൾക്ക് മോഷണായി കൊടുക്കുന്ന ലൊഡുക്കൂസ് അവാർഡ് ആവശ്യമില്ല. എന്നിട്ടും ഈ അവാർഡ് വാങ്ങാൻ രമേശ് ചെന്നിത്തല തയ്യാറാകുന്നതെന്തുകൊണ്ട്? അതിന്റെ പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളാണുള്ളത്.

പെന്തക്കോസ്തുകാർ പൊതുവെ വലതുപക്ഷ ചായ്വുള്ളവരാണ്. എന്നാൽ കഴിഞ്ഞ രണ്ട് അസംബ്ലി തെരഞ്ഞെടുപ്പുകളിലും ഇവരുടെ വോട്ടുകളിൽ നല്ലൊരുപങ്ക് ഇടതുപക്ഷത്തിനു ലഭിച്ചു. ഇനി ഇങ്ങനെ സംഭവിക്കുന്നത് തടയണം. അതിന് പെന്തക്കോസ്തുകാരുമായി നല്ല ബന്ധം സ്ഥാപിക്കണം.

ടി.എസ്.ഏബ്രഹാമാണ് പെന്തക്കോസ്തിന്റെ പ്രതീകമെന്നാണ് രമേശും കൂട്ടരും ധരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് കുമ്പനാട് കൺവെൻഷനും മറ്റും ഇവർ പോകുന്നത്. ടി.എസ്.ഏബ്രഹാമിന്റെ വലംകൈയായ സി.പി.മോനായി നൽകുന്ന അവാർഡ് വാങ്ങുന്നതിലൂടെ പെന്തക്കോസ്തുകാരുമായി കൂടുതൽ അടുക്കാമെന്നും കണക്കുകൂട്ടുന്നു. അതുകൊണ്ടാണ് മോഷണായി നൽകുന്ന അവാർഡും രമേഷ് ചെന്നിത്തല തണലാക്കുന്നത്.

## ക്രിസോസ്റ്റത്തിനും വേണോ ഇത്തരമൊരു തണൽ?

ഗുരുതരമായ ദുരുപദേശങ്ങൾ പഠിപ്പിക്കുന്ന പ്രസ്ഥാനമാണ് മാർതോമ്മാ സഭയെങ്കിലും വലിയ വിവാദങ്ങളിലൊന്നും ചാടാതെ മാനംമര്യാദക്ക് ഇവർ പ്രവർത്തിക്കുന്നു. വിശ്വാസ വിഷയങ്ങളിൽ അയഞ്ഞ സമീപനം സ്വീകരിക്കുന്ന ആളാണെങ്കിലും ഒരു വ്യക്തി എന്ന നിലയിൽ മാർ ക്രിസോസ്റ്റം മാന്യനാണ്. പക്ഷേ ഈ മാന്യൻ എങ്ങനെ മോഷണായിയുടെ അവാർഡ് വാങ്ങുന്ന നിലവാരത്തിലെത്തി?

മാർ ക്രിസോസ്റ്റത്തിന്റെ അറിവോടെയാണോ മോഷണായി അവാർഡ് പ്രഖ്യാപിച്ചതെന്ന് അറിഞ്ഞുകൂടാ. ഇദ്ദേഹത്തേപ്പോലെ അവാർഡ് ജേതാവായ ഏബ്രഹാം മന്ദമരുതി തന്റെ അറിവോ സമ്മതമോ കൂടാതെയാണ് മോനായി അവാർഡ് പ്രഖ്യാപിച്ചതെന്നും ഈ അവാർഡ് വാങ്ങുന്നില്ലെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. (ഏഴാം പേജ് നോക്കുക). അതുപോലെയെങ്ങാനുമാണ് മാർ ക്രിസോസ്റ്റത്തിനും അവാർഡ് ലഭിച്ചതെങ്കിൽ മോഷണായിയുടെ അവാർഡ് വാങ്ങാതിരിക്കാം. പക്ഷേ അതിനുള്ള സാദ്ധ്യത കാണുന്നില്ല. കാരണം, ഇത്തരം വിഷയങ്ങളിൽ ധീരമായ തീരുമാനമെടുക്കാനുള്ള ആദർശശുദ്ധി മാർ ക്രിസോസ്റ്റത്തിനില്ല.



ഓർത്തഡോക്സ് സഭയിലെ ദുരുപദേശങ്ങളുമായി പൊരുത്തപ്പെടാനാവാതെ വന്നപ്പോൾ എല്ലാം വിട്ട് പുറത്തിറങ്ങിയവരാണ് മാർതോമ്മാ സഭയിലെ ആദ്യകാല വിശ്വാസികൾ. അക്കാലത്തെ ഏറ്റവും വലിയ ഉണർവ്വുസഭയായി മാർതോമ്മാസഭയെ പരിഗണിക്കുന്നതും ഈ കാരണത്താലത്രേ. പക്ഷേ, ഇല്ലത്തുനിന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്ത് എത്തിയതുമില്ല എന്ന സ്ഥിതിയിലായി മാർതോമ്മാ സഭ. ഓർത്തഡോക്സ് സഭയിലെ കുറെ ദുരുപദേശങ്ങൾ വിട്ടുകളഞ്ഞു എന്നത് ശരിതന്നെ. പക്ഷേ ദൈവവചനം മാത്രം ആധാരമാക്കി ഉപദേശം പഠിപ്പിക്കാൻ മാർതോമ്മാ സഭക്ക് കഴിഞ്ഞില്ല. അതുകൊണ്ട് വെറുമൊരു പട്ടത്വ സഭയായി ഈ പ്രസ്ഥാനം ഇന്നും അവശേഷിക്കുന്നു.

സഭയ്ക്ക് നേതൃത്വം കൊടുക്കുന്ന മെത്രാൻമാരുടെ അഴകൊഴമ്പൻ തിയോളജി കൂനിൻമേൽ കുരു എന്നതുപോലെ പ്രശ്നമാകുന്നു. കർത്താവായ യേശുക്രിസ്തുവിലൂടെയല്ലാതെ രക്ഷപ്രാപിക്കാൻ കഴിയുകയില്ലെന്നും ബൈബിൾ അല്ലാതെ ദൈവവചനമില്ലെന്നും വളച്ചുകെട്ടില്ലാതെ പ്രഖ്യാപിക്കാൻ ധൈര്യമുള്ള ഒരു മെത്രാനും മാർതോമ്മാ സഭയിൽ ഇപ്പോഴില്ല.

മാർ ക്രിസോസ്റ്റത്തിന് എല്ലാം ഒരു തമാശയാണ്. എങ്ങനെയോ ളോഹയ്ക്കുള്ളിൽ പെട്ടുപോയതുകൊണ്ട് സഭയുടെ തലപ്പത്തെത്തി. യേശുവിൽ വിശ്വസിച്ചാൽ മാത്രമേ രക്ഷപ്രാപിക്കാൻ കഴിയൂ എന്ന് ഇദ്ദേഹം നാളിതുവരെ പ്രസംഗിച്ചിട്ടില്ല, പ്രസംഗിക്കുകയുമില്ല. ഇത്രയുമൊക്കെ പ്രശ്നങ്ങളുണ്ടെങ്കിലും മാർ തോമ്മാസഭയുടെ തലവൻ മോഷണായിയുടെ അവാർഡ് വാങ്ങുന്ന നിലവാരത്തിലെത്തുമെന്ന് കരുതിയിരുന്നില്ല. കഷ്ടമായിപ്പോയി എന്നല്ലാതെ എന്തുപറയാൻ.

## –100 പ്രസംഗങ്ങൾ– റിക്കാഡിംഗ് പൂർത്തിയായി

പുതിയനിയമത്തിൽ നിന്ന് ടി.എസ്.ബാലൻ തയ്യാറാക്കി വരുന്ന 100 പ്രസംഗങ്ങളുടെ റിക്കാഡിംഗ് പൂർത്തിയായി. എഡിറ്റിംഗ് പുരോഗമിക്കുന്നു. ഒന്നോ രണ്ടോ ആഴ്ചകൾ ഇതിന് വേണ്ടിവരും. സൗജന്യ നിരക്കിൽ ബുക്ക് ചെയ്തവർക്ക് എഡിറ്റിംഗ് പൂർത്തിയായാലുടൻ സി.ഡികൾ അയച്ചുകൊടുക്കുന്നതാണ്.

പ്രഭാതധ്യാനത്തിന്റെ റിക്കാഡിംഗ് സെപ്റ്റംബർ അവസാന ആഴ്ചയിൽ ആരംഭിക്കുന്നതാണ്. ഡിസംബർ 15ന് ഈ സി.ഡികൾ വിതരണത്തിന് തയ്യാറാകും. ബുക്ക് ചെയ്യുന്ന എല്ലാവർക്കും ഡിസംബർ 31ന് അകമായി സി.ഡികൾ ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ,**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**
**Ph: 0484-3232356, Mob: 9447414608**

ദി ഡിഫെൻഡർ

Vol. No.10 Issue No. 17 2007 September 1

# പെന്തക്കോസ്ത് സഭകളിലെ ധാർമ്മിക അധഃപതനം

ധാർമ്മികമായി ഏറ്റവും അധഃപതിച്ച ക്രൈസ്തവ വിഭാഗം പെന്തക്കോസ്ത് ആണെന്നു പറഞ്ഞാൽ ഭൂരിപക്ഷം പെന്തക്കോസ്തുകാരും പിണങ്ങുമെങ്കിലും സംഗതി സത്യമാണ്. വ്യഭിചാരം, പ്രകൃതിവിദുദ്ധ ലൈംഗികബന്ധം തുടങ്ങിയവ പെന്തക്കോസ്തിൽ പാപമല്ലാതായിട്ട് കാലം ഏറെയായി.

ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്ന് പറയപ്പെടുന്ന ഐ.പി.സിയുടെ ഏറ്റവും വലിയ നേതാവായ ടി.എസ്. ഏബ്രഹാമിന്റെ പ്രധാന തൊഴിൽ വ്യഭിചാരമായിരുന്നു. വനിതാ ബൈബിൾ കോളേജിൽ പഠിക്കാനെത്തിയ പെൺകുട്ടികളിൽ ഭുരിപക്ഷവും ഇയാളുടെ കാമാർത്തിക്ക് ഇരയായി. ഐ.പി.സിയുടെ ഇപ്പോഴത്തെ പ്രസിഡന്റായ കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച നീചനാണ്. സാധാരണക്കാരായ ഐ.പി.സി പാസ്റ്റർമാരും മോശക്കാരല്ല. വെള്ളിയറ സംഭവം ഏറ്റവും അവസാനത്തേതുമാത്രം.

ഐ.പി.സിയിലെ മാത്രം സ്ഥിതിയാണിതെന്ന് കരുതരുത്. എല്ലാ പെന്തക്കോസ്ത് സഭകളിലേയും സ്ഥിതി ഇതുതന്നെ. ശാരോന്റെ സെക്രട്ടറിയായ സി.വി.ജോൺ സ്വന്തം മകളെ വരെ വ്യഭിചരിച്ചവനാണ്. ശാരോൻ ബൈബിൾ കോളേജിൽ പഠിക്കാനെത്തിയ ഭൂരിപക്ഷം പെൺകുട്ടികളേയും ഇയാൾ ലൈംഗീകമായി ചൂഷണം ചെയ്തു. ഇയാളുടെ വിക്രിയകൾ സഹിക്കാനാവാതെ വന്നപ്പോഴാണ് വനിതാ ബൈബിൾ കോളേജ് ശാരോൻ കോമ്പൗണ്ടിൽ നിന്നും മാറ്റിയത്.

അറിയപ്പെടുന്ന പ്രസംഗകരായ സുരേഷ് ബാബു, സാമച്ചൻ തുടങ്ങി നിരവധി ആളുകൾ വ്യഭിചാരത്തിന്റെ അപ്പോസ്തലൻമാരാണ്. കള്ളപ്രവചനങ്ങളുമായി നടക്കുന്നവരുടെ കാര്യം പറയുകയും വേണ്ട. മത്തായിക്കുട്ടിയേപ്പോലുള്ള പ്രകൃതിവിരുദ്ധൻമാരും പെന്തക്കോസ്തിൽ ഏറെയുണ്ട്.

ഞാൻ ധനവാൻ, സമ്പന്നൻ, ഒന്നിനും മുട്ടില്ല എന്നു പറഞ്ഞ് അഭിമാനിച്ച ലവോദിക്യാ സഭയുടെ സ്ഥിതിയാണ് പെന്തക്കോസ്തിലുള്ളത്. വ്യഭിചാരിയായ ടി.എസ്.ഏബ്രഹാമിന് മറ്റൊരു വ്യഭിചാരിയായ സി.പി.മോനായി ക്രൈസ്തവ രത്നം എന്ന അവാർഡ് നൽകി. ഇതിനൊക്കെ എതിരെ ഡിഫെൻഡർ പ്രതികരിച്ചപ്പോൾ പെന്തക്കോസ്തിലെ സകല കള്ളൻമാരുംകൂടി ചേർന്ന് കള്ളക്കേസ്സുകളുണ്ടാക്കി. പണവും രാഷ്ട്രീയ സ്വാധീനവും ഉപയോഗിച്ച് ഡിഫെൻഡറിനെ തകർക്കാൻ ശ്രമിച്ചു. ആ ശ്രമം ഇപ്പോഴും തുടരുന്നു.

ധാർമ്മികമായി ഇത്രയധികം അധഃപതിച്ചിട്ടും ഭൂരിപക്ഷം പെന്തക്കോസ്തുകാർക്കും മനഃപ്രയാസമൊന്നും തോന്നുന്നില്ല. പെന്തക്കോസ്തിൽ നിരവധി പത്രങ്ങളുണ്ടെങ്കിലും ഡിഫെൻഡർ ഒഴികെ ഒരു പത്രവും ഇത്തരം തിൻമകൾക്കെതിരെ പ്രതികരിക്കുന്നില്ല. അതീവ ഗുരുതരമായ ഒരു സ്ഥിതി വിശേഷമാണിത് എന്ന് പറയാതെവയ്യ.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ – 1000 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ – 683542.

# സത്യം സത്യമായി

ജോസഫ് ഗ്രൂപ്പിനുണ്ടായതുപോലൊരു ഗതികേട് ഈ ഭൂമിമലയാളത്തിൽ മറ്റൊരു പാർട്ടിക്കും ഉണ്ടായിട്ടില്ല. ഗ്രൂപ്പിന്റെ ജീവാത്മാവും പരമാത്മാവും ആയ സാക്ഷാൽ പി.ജെ.ജോസഫ് വിമാനദുരന്തത്തിൽ അകപ്പെട്ടു. ‘‘നിന്നെ പുണരാൻ നീട്ടിയ കൈകളിൽ വേദനയോ’’ എന്ന് പാട്ടും പാടു നടക്കുകയാണിപ്പോൾ. രണ്ടാമനായ കുരുവിള ഭൂമിദുരന്തത്തിന് ഇരയായി. അങ്ങനെ ആകാശത്തും ഭൂമിയിലും ഈ ഗ്രൂപ്പിനെ ദുരന്തം വേട്ടയാടുകയാണ്. ഈ കുറിപ്പ് എഴുതുന്ന സമയത്ത് കുരുവിള രാജിവയ്ക്കുമോ എന്ന് തീർച്ചയായിട്ടില്ല. രാജിവെച്ചാൽ ജോസഫ് ഗ്രൂപ്പിന് ഇനി മന്ത്രിയെ കിട്ടുമോ എന്ന് തീർച്ചയില്ല. കിട്ടിയാൽത്തന്നെ ആരെ മന്ത്രിയാക്കും എന്ന കാര്യത്തിൽ തീർച്ചയുമില്ല. ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് കുര്യാക്കോസ് പ്രവാചകൻ പറഞ്ഞിരുന്നോ എന്നേ അറിയാനുള്ളൂ.

ആണവ കരാർ പ്രശ്നത്തിൽ ഇടതുപക്ഷം പിൻതുണ പിൻവലിക്കുന്നെങ്കിൽ വലിക്കട്ടെ എന്ന് പ്രഖ്യാപിച്ച മൻമോഹൻ സിങ്ങിന്റെ ധൈര്യം അഭിനന്ദനം അർഹിക്കുന്നു. ഈ പ്രഖ്യാപനത്തോടെ വെട്ടിലായത് ഇടതുപക്ഷമാണ്. പിൻതുണ പിൻവലിച്ചാൽ തെരഞ്ഞെടുപ്പുണ്ടാകും. സർക്കാരിനെ തകർത്തവർ എന്ന ദുഷ്പ്പേരുമായി തെരഞ്ഞെടുപ്പിനെ നേരിടുന്ന ഇടതുപക്ഷത്തിന് എത്ര സീറ്റുകൾ കിട്ടുമെന്ന് കണ്ടറിയേണ്ട സ്ഥിതിയാണുള്ളത്. മാത്രമല്ല, കാലാവധി തികയ്ക്കാതെ തെരഞ്ഞെടുപ്പിനെ നേരിട്ടാൽ ഇന്നത്തെ എം.പിമാരിൽ എത്രപേർ വീണ്ടും പാർലമെന്റ് കാണുമെന്നും അറിഞ്ഞുകൂടാ. എങ്ങനെയെങ്കിലും ഇടക്കാല തെരഞ്ഞെടുപ്പ് ഒഴിവാക്കിയേമതിയാകൂ എന്ന് ചുരുക്കം. പക്ഷേ നിരുപാധികം പിൻതുണ തുടർന്നാൽ നാണക്കേടാകും. ഉത്തരം താങ്ങുന്ന പല്ലിയേപ്പോലെ ഗമയിൽ ഇരുന്നിട്ട് ഇത്തരം ഒരു നാണക്കേടുണ്ടാകുന്നത് സഹിക്കാനുമാവില്ല. എന്തുചെയ്യണമെന്നറിയാതെ കുഴയുന്ന സമയത്താണ് അവലോകന കമ്മറ്റിയെന്ന കച്ചിത്തുരുമ്പ് കിട്ടിയത്. മോരെന്നല്ല, ചോറുതന്നെ ഇല്ലെങ്കിലും ശകലം ഉണ്ടേക്കാം എന്ന പരുവത്തിലാണ് ഇടതുപക്ഷം.

ഇടക്കാല തെരഞ്ഞെടുപ്പ് വരാൻ ഇടയുണ്ടെന്നു കേട്ടപ്പോൾ എല്ലാ പാർട്ടികളുടേയും നെഞ്ചിടിച്ചെങ്കിലും എൻ.സി.പിയുടെ നെഞ്ചിടിപ്പ് ഒന്നുവേറെതന്നെ ആയിരുന്നു. പെരുമ്പറ കൊട്ടുന്നതുപോലെയാണ് അവരുടെ നെഞ്ചിടിച്ചത്. സംഗതി എന്തെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. ഇരു മുന്നണികളിലുമില്ലാതെ, ആർക്കും വേണ്ടാതെ, കുത്തുപാളയെടുത്തിരിക്കയാണ് ഈ പാർട്ടി. കൂനിൻമേൽ കുരു എന്നു പറഞ്ഞതുപോലെ തെരഞ്ഞെടുപ്പുകൂടി വന്നാൽ കഥ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

മലപോലെ വന്നു, എലിപോലെ പോയി എന്നു പറഞ്ഞതുപോലെയായി മൂന്നാർ പരിപാടി. രണ്ടാം ഭൂപരിഷ്ക്കരണം എന്നൊക്കെ കൊട്ടിഘോഷിച്ച് ആരംഭിച്ച കലാപരിപാടിക്ക് ഇത്ര ദയനീയമായ ഒരു അന്ത്യമുണ്ടാകുമെന്ന് ശത്രുക്കൾ പോലും കരുതിയില്ല. വെളുക്കാൻ തേച്ചത് പാണ്ടായി എന്നു പറഞ്ഞതുപോലെയാണ് സ്ഥിതി. ഇതിനൊന്നും ഇറങ്ങി പുറപ്പെടാതിരിക്കയായിരുന്നു ഏറെ നല്ലത്.

സി.പി.ഐ.(എം.) പല വിധത്തിലുള്ള വൈതരണികളും നിഷ്പ്രയാസം കടന്നിട്ടുള്ള പാർട്ടിയാണ്. പക്ഷേ ഇന്നത്തെ സ്ഥിതി പരമ ദയനീയമാണെന്ന് പറയാതെവയ്യ. പാവപ്പെട്ടവന്റെ പാർട്ടി അഴിമതിയിൽ കുളിച്ചു നിൽക്കുകയാണ്. മറുപടി പറയാൻ വാക്കുകൾ പോലും കിട്ടാതെ നേതാക്കൻമാർ അന്ധാളിക്കുന്നു. എന്തെങ്കിലും പറയാമെന്നു വച്ചാൽ അത് ദൃശ്യമാദ്ധ്യമങ്ങൾ ലൈവായി സംപ്രേക്ഷണം ചെയ്യും. പറഞ്ഞതൊക്കെ പിന്നീട് നിഷേധിക്കാൻ പോലും പറ്റാത്ത സ്ഥിതിയായിരിക്കുന്നു. ഇക്കണക്കിനു പോയാൽ അഞ്ചു വർഷം തികയ്ക്കാൻ പറ്റുമോ എന്ന് സംശയം. തികച്ചാൽത്തന്നെ അടുത്ത തെരഞ്ഞെടുപ്പിൽ പച്ചതപ്പുകയില്ലെന്ന് തീർത്തുപറയാം.

പരിശുദ്ധ ചവർ ചാനലിന്റെ സ്ഥിതി പരമ ദയനീയമാണ്. പതിനെട്ടടവും പയറ്റിയിട്ടും നില നിൽക്കാനാവാത്ത സ്ഥിതി. ഒന്നര കൊല്ലം മുൻപ് നടന്ന ഉദ്ഘാടനത്തിന്റെ പാട്ടും കൂത്തും ഇപ്പോഴും സംപ്രേക്ഷണം ചെയ്യേണ്ടിവരുന്നു. ഈ പരിപാടി എത്രവട്ടം കാണിച്ചുകഴിഞ്ഞെന്ന് സാക്ഷാൽ കെ.സി.ജോണിനുപോലും അറിഞ്ഞുകൂടാ. ‘‘ഒരു മുഖം മാത്രം കണ്ണിൽ’’ എന്ന സിനിമാപ്പാട്ടുപോലെയാണ് ചവറിന്റെ സ്ഥിതി. കെ.സി.ജോണിന്റെ പരിപാടി ഒഴിഞ്ഞ സമയമില്ല. കെ.സി. ജോൺ സഭായോഗത്തിന് നടത്തിയ പ്രസംഗം തീർന്നാലുടൻ ഗോഡ് ബ്ലസ് യൂ എന്ന പരിപാടി ആരംഭിക്കും. കെ.സി.ജോൺ ഒരിടത്തിരുന്ന് സൊറ പറയുന്ന പരിപാടിയാണിത്. ഇതിനു പിന്നാലെ കെ.സി.ജോൺ പങ്കെടുത്ത ഏതെങ്കിലും കൺവെൻഷൻ കാണാം. പിന്നാലെ കേൾക്കാം കെ.സി.ജോൺ കുമ്പനാട് കൺവെൻഷന് നടത്തിയ പ്രസംഗം. ഇതിനെല്ലാം ഇടയിൽ പവ്വർ ക്ലബ്ബിന്റെ പരസ്യം. അതിലും കെ.സി. ജോൺ. ശരിക്കും മടുത്തൂ, ട്ടോ.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3232356, 9447414608

# ഡോ.ജോൺ ദാനിയേലിന്റെ മരണത്തിനു പിന്നിൽ



അപ്രതീക്ഷിതമായി ജോൺ ദാനിയേൽ മരിച്ചു. ദൈവ വേല ചെയ്യാൻ മനസ്സുണ്ടായിരുന്ന ഒരു ദൈവദാസൻ എന്ന നിലക്ക് അദ്ദേഹത്തോട് ഡിഫെൻഡറിന് ബഹുമാനം ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ഡിഫെൻഡർ കാര്യമായി വിമർശിച്ചതുമില്ല.

മറ്റു ചിലരുടെ പ്രേരണ മൂലം അദ്ദേഹം സഭാരാഷ്ട്രീയത്തിൽ ഉൾപ്പെട്ടുപോയി. അത് തെറ്റായ നടപടിയായിരുന്നു. അതുമൂലം അദ്ദേഹം ഏറെ ദു:ഖിക്കേണ്ടതായും വന്നു. ഈ ദൈവദാസന്റെ അപ്രതീക്ഷിത മരണത്തിന്റെ കാരണം അന്വേഷിക്കുന്നവർക്ക് സഭാരാഷ്ട്രീയവുമായി ബന്ധപ്പെട്ട് ഇദ്ദേഹം അനുഭവിക്കേണ്ടിവന്ന ബുദ്ധിമുട്ടുകളും അതുമൂലമുണ്ടായ ടെൻഷനും അവഗണിക്കാനാവില്ല.

ഇത്തവണ അമേരിക്കൻ പെന്തക്കോസ്ത് കോൺഫ്രൻസിന്റെ നേതൃത്വം ഇദ്ദേഹത്തിനായിരുന്നു. ഒഴിവാക്കാമായിരുന്ന ഒട്ടേറെ ധൂർത്ത് സമ്മേളനത്തിലുണ്ടായി. അതുമൂലം സാമാന്യം നല്ലൊരുതുക കടമുണ്ടാകുകയും ചെയ്തു. ഈ ടെൻഷനും അദ്ദേഹത്തിന് താങ്ങാൻ കഴിയാതെവന്നു.

കടവുമായി ബന്ധപ്പെട്ട് രണ്ടുതരത്തിലുള്ള വ്യാഖ്യാനങ്ങളാണുള്ളത്. ഒരു നിശ്ചിത തുകയിൽ അധികം സംഭാവന ചെയ്യുന്നവരുടെ പേരുവിവരം പ്രത്യേകം പരാമർശിക്കും എന്ന് അറിയിപ്പുണ്ടായിരുന്നു. എന്നാൽ നല്ലൊരു തുക സംഭാവന ചെയ്ത ഒരാളുടെ പേരുമാത്രം സംഘാടകർ ഒഴിവാക്കി. ഇദ്ദേഹം അമാത്യകയുള്ള വ്യക്തിയാണ് എന്നാരോപിച്ചായിരുന്നു ഈ നടപടി. ഇത് പ്രശ്നങ്ങൾക്ക് വഴിവച്ചു.

നല്ലൊരുതുക കടമുണ്ട് എന്ന വസ്തുത സമ്മേളനത്തിന്റെ അവസാനമായപ്പോൾ സംഘാടകർ വ്യക്തമാക്കി. വിശ്വാസികളിൽ നിന്നും ഒരു സംഭാവന പിരിക്കാനായിരുന്നു പരിപാടി. പക്ഷേ എല്ലാ കടവും വീട്ടാനുള്ള പണം താൻ നൽകുന്നതാണെന്ന് മേല്പറഞ്ഞ സംഭാവനക്കാരൻ പ്രഖ്യാപിച്ചു. അതോടെ സംഭാവന പിരിക്കാനുള്ള അവസരം ഇല്ലാതായി. ഇത്രയും കാര്യങ്ങൾ ഏവരും സമ്മതിക്കുന്നു. ഇനിയുള്ള കഥക്ക് രണ്ട് പാഠഭേദങ്ങളുണ്ട്:

1. തന്റെ പേര് പ്രസിദ്ധീകരിക്കാത്ത സംഘാടകരോടുള്ള പ്രതികാരം വീട്ടുകയായിരുന്നു സംഭാവനക്കാർ. അതുകൊണ്ട് അയാൾ പണം കൊടുത്തില്ല. ഈ ടെൻഷൻ ജോൺ ദാനിയേലിന്റെ മരണത്തിന് കാരണമായി.

2. വലിയ തുകയൊന്നും കടമുണ്ടായിരുന്നില്ല. സംഭാവനക്കാരൻ പിന്നീട് 5,000 ഡോളർ കൊടുക്കുകയും ചെയ്തു. അവശേഷിച്ചത് ചെറിയ കടം മാത്രം. അതുകൊണ്ട് ഈ കടപ്രശ്നം ജോൺ ദാനിയേലിനെ അലട്ടിയില്ല.

(ഈ രണ്ട് കഥകളിൽ ഏതാണ് ശരിയെന്ന് ഇതേപ്പറ്റി അറിവുള്ളവർ ദയവായി അറിയിക്കുക).

# പോൾസണെ സൂക്ഷിക്കുക

പെരുമ്പാവൂരുകാരൻ കഞ്ഞി പോൾസണെ സൂക്ഷിക്കുക, ഇയാൾ തട്ടിപ്പുകാരനാണ്. ജീവകാരുണ്യ പ്രവർത്തനം എന്ന പേരിൽ ഇയാൾ വല്ലപ്പോഴും സർക്കാർ ആശുപത്രിയിലെ രോഗികൾക്ക് കഞ്ഞി കൊടുക്കുന്നുണ്ട് എന്നത് ശരിതന്നെ. പക്ഷേ ഈ കഞ്ഞി വീഴ്ത്തലിന്റെ പേരുപറഞ്ഞ് വൻതുകകൾ ഇയാൾ പലരിൽ നിന്നായി പിരിക്കുന്നുണ്ട്. ഇങ്ങനെ ലഭിക്കുന്ന പണത്തിന്റെ ചെറിയൊരംശം മാത്രമാണ് കഞ്ഞിക്കായി ചെലവാക്കുന്നത്. ബാക്കി ഇയാൾ സ്വന്തം കീശയിലാക്കുന്നു. വളരെക്കാലമായി ഇയാൾ ഈ തട്ടിപ്പ് തുടരുന്നു.

ഇതു പോരാഞ്ഞിട്ടെന്നവണ്ണം ഇയാൾ മറ്റൊരടവും ഈയിടെ പ്രയോഗിച്ചു. ഇയാളുടെ മകൾക്ക് എന്തോ ചെറിയ രോഗമുണ്ടായി. മാരകമായ രോഗം ബാധിച്ച് തന്റെ മകൾ അത്യാസന്ന നിലയിലാണെന്നും ഉടൻ ചികിത്സ നൽകിയില്ലെങ്കിൽ മരിച്ചുപോകുമെന്നും പോൾസൺ ഏവരേയും അറിയിച്ചു. കുഞ്ഞിന്റെ ജീവൻ രക്ഷിക്കാനായി നല്ലൊരു തുക സംഭാവന ലഭിച്ചു. എല്ലാവരുടേയും പ്രാർത്ഥനയുടെ ഫലമായി കുഞ്ഞിന് കർത്താവ് അത്ഭുത രോഗസൗഖ്യം നൽകി എന്നാണ് ഇപ്പോൾ പറഞ്ഞുനടക്കുന്നത്. അങ്ങനെ കുഞ്ഞിന്റെ രോഗം വകയിലും പോൾസന്റെ പോക്കറ്റ് നിറഞ്ഞു. ഈ ചങ്ങാതി ഇപ്പോൾ ചില ദുർന്നടപ്പുകേസ്സുകളിലും ഉൾപ്പെട്ടിട്ടുള്ളതായി അറിയുന്നു. ഇതേപ്പറ്റി ഡിഫെൻഡർ അന്വേഷണം നടത്തിവരുന്നു.



# വി.എം. മാത്യുവിന് അശ്രുപൂജ?

പെന്തക്കോസ്തുകാർ പൂജയും തുടങ്ങിയോ? വി.എം. മാത്യൂസാറിന്റെ ശവസംസ്ക്കാരവുമായി ബന്ധപ്പെട്ട് ഒരു പെന്തക്കോസ്ത് പത്രത്തിൽ കണ്ട ഒരു വാർത്തയാണ് ഇത്തരമൊരു സംശയത്തിനാധാരം.

വി.എം.മാത്യുസാറിന് വിശ്വാസികൾ അശ്രുപൂജ നൽകിയത്രേ. കണ്ണീരുകൊണ്ട് പെന്തക്കോസ്തുകാർ പൂജ നടത്തിയെന്ന് ചുരുക്കം. എന്തുകൊണ്ടായാലും പൂജ പൂജതന്നെ. മൃതദേഹത്തെയായിരിക്കുമല്ലോ ഈ വിധത്തിൽ പൂജിച്ചത്.

വാക്കുകളുടെ അർത്ഥം മനസ്സിലാക്കാതെ പ്രയോഗിച്ചാൽ ഇത്തരം പല അനർത്ഥങ്ങളുമുണ്ടാകുമെന്ന് പ്രിയപ്പെട്ട പത്രാധിപർ ദയവായി ഓർക്കുക.

# ദൃക്സാക്ഷി കള്ളം പറയുന്നു

ദൃക്സാക്ഷി കള്ളം പറയുമോ? കള്ളം പറയുന്ന ദൃക്സാക്ഷികളും ഉണ്ടെന്ന് തീർച്ച. ഇത്തരത്തിലൊരു ദൃക്സാക്ഷിയെ കഴിഞ്ഞദിവസം ചവറിൽ കണ്ടു.

മുണ്ടിയപ്പള്ളിയിലുള്ള ഒരു പെണ്ണ് പേക്കിനാവു കണ്ടതും അത് ദൈവീക ദർശനമായി പരിഗണിച്ച് പലരും പ്രചരണം നടത്തുന്നതും മറ്റും കഴിഞ്ഞവർഷം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഈ പെണ്ണാണ് I Witness എന്ന പരിപാടിയിൽ സാക്ഷ്യം പറഞ്ഞത്.

ചെറുപ്പകാലത്ത് ഈ പെണ്ണിന് വിട്ടുമാറാത്ത തലവേദനയും മറ്റും ഉണ്ടായത്രേ. എത്ര ചികിത്സ ചെയ്തിട്ടും രോഗം മാറിയില്ല. ആ കൂട്ടത്തിൽ ഇവൾ ഭൂതപ്രേതാദികളെ ദർശനം കാണാനും തുടങ്ങി. അതോടെ സംഗതി ഗുരുതരമായി. ഡോക്ടറെ കണ്ടപ്പോൾ ഓപ്പറേഷൻ വേണമെന്ന് പറഞ്ഞു. തീയതിയും നിശ്ചയിച്ചു. (ഡോക്ടറുടെ പേരും വിലാസവും പറഞ്ഞില്ല. അതുകൊണ്ട് സംഗതി ശരിയാണോ എന്ന് അന്വേഷിക്കാൻ പറ്റുന്നില്ല).

ഓപ്പറേഷൻ നടക്കുന്നതിനു മുൻപ് ഒരുദിവസം ഇവൾക്ക് മിഖായേൽ ദൂതൻ പ്രത്യക്ഷനായി. ഇത് കൃപായുഗമാണെന്ന് ദൂതൻ പറഞ്ഞത്രേ. (ബൈബിളിൽ ഇല്ലാത്ത കൃപായുഗം എന്ന വാക്ക് ദൂതൻ പറയുന്നതുകൊണ്ട് ഏതോ ചെറുകിട ബൈബിൾ സ്ക്കൂളിലെ അദ്ധ്യാപകനാണ് ഈ ദൂതൻ എന്നുതോന്നുന്നു).

മിഖായേൽ ഈ പെണ്ണിനെ സ്വർഗ്ഗത്തിൽ കൊണ്ടുപോയി. ഇവൾ കർത്താവിനെ നേരിൽ കണ്ടു. സ്വർഗ്ഗരാജ്യത്തിലാണ് ഇവൾ നിൽക്കുന്നതെന്ന് കർത്താവ് വ്യക്തമാക്കി. (ഈ കർത്താവിന് സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞുകൂടാ). സ്വർഗ്ഗത്തേക്കുറിച്ച് വളരെയധികം കാര്യങ്ങൾ ഇവൾ പറയുന്നുണ്ട്. ഏതായാലും ആ ദർശനത്തോടെ രോഗം മാറി.

പിന്നീടൊരിക്കൽ ഇവൾ നരകത്തിലും പോയി. നരകത്തിന് 10 കവാടങ്ങളുണ്ടെന്നും പിശാചാണ് നരകത്തിലെത്തുന്ന ആത്മാക്കളെ പീഡിപ്പിക്കുന്നതെന്നും ഇവൾ നേരിട്ടു കണ്ടറിഞ്ഞു. അങ്ങനെ പലതും ഈ സാക്ഷ്യത്തിലുണ്ടായിരുന്നു. സുവിശേഷം പ്രചരിപ്പിക്കാനായി തുടങ്ങിയ ചാനൽ ഇപ്പോൾ ഇവിടെവരെയെത്തി.

# മത്തായിക്കുട്ടിയുടെ കലാപരിപാടി ഡൽഹിയിലും

കെ.എ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവും എ.ജിയിലെ ശുശ്രൂഷകനുമായ മത്തായിക്കുട്ടി ഈയിടെ ഡൽഹിയിലും സോദോമ്യ കലാപരിപാടി അവതരിപ്പിച്ചു. സംഭവം ചുരുക്കിപറയാം:

മത്തായിക്കുട്ടിയുടെ ഒരു സഹോദരൻ ഡൽഹിയിൽ ഐ.പി.സിയുടെ പാസ്റ്ററാണ്. അദ്ദേഹം ഇപ്പോൾ ഹൃദയസംബന്ധമായ രോഗം മൂലം വിശ്രമിക്കുന്നു. ഈ സഹോദരനെ കാണാനാണ് ശ്രീമാൻ മത്തായി ഡൽഹിയിൽ എത്തിയത്. സഹോദരനെ കാണുകയും ചെയ്തു. പക്ഷേ ഇതുകൂടാതെ പലതും മത്തായി ഡൽഹിയിൽ ചെയ്തു. അതാണ് പുലിവാലായത്.

അനിയൻ എന്ന പേരിലാണ് മത്തായിക്കുട്ടി അവിടെ സ്വയം പരിചയപ്പെടുത്തിയത്. ഡിഫെൻഡർ വായിക്കുന്ന ആരെങ്കിലും തന്നെ തിരിച്ചറിഞ്ഞേക്കുമെന്ന ഭയംമൂലമാണ് പേര് മാറ്റി പറഞ്ഞത്. ഒരു ദിവസം ഒരാളുടെ ബൈക്കിന്റെ പിന്നിൽ ഇരുന്ന് മത്തായിക്കുട്ടി ഡൽഹി നഗരത്തിലൂടെ യാത്രചെയ്തു. മുന്നിലിരുന്ന് ബൈക്ക് ഓടിക്കുന്ന ആളിന്റെ പാന്റ്സിന്റെ രണ്ടു പോക്കറ്റുകളിലും പിന്നിലിരുന്ന മത്തായിക്കുട്ടി തന്റെ കൈകൾ ഇട്ടപ്പോൾ അസാധാരണമായി ഒന്നും മുന്നിലിരുന്ന ആൾക്ക് തോന്നിയില്ല. പക്ഷേ കൈകൾ മറ്റു വിക്രിയകളിലേക്ക് കടന്നപ്പോൾ മുന്നിലിരുന്ന ആൾ എതിർത്തു. അടങ്ങിയിരുന്നില്ലെങ്കിൽ വഴിയിൽ ഇറക്കിവിടുമെന്നും പറഞ്ഞു. അങ്ങനെ ഒരു വിധത്തിൽ ലക്ഷ്യസ്ഥാനത്തെത്തി. അതിനുശേഷം, ബൈക്ക് ഓടിച്ചിരുന്ന ആൾ മത്തായിക്കുട്ടിയെ ചോദ്യം ചെയ്തു. തന്റെ പേര് മത്തായിക്കുട്ടിയെന്നാണെന്നും കെ.എ.ഏബ്രഹാമിന്റെ അളിയനാണെന്നും മറ്റും തുറന്നു പറയേണ്ടതായിവന്നു. ഡൽഹിയിലെ സഹോദരൻമാർ അന്വേഷണം നടത്തിയപ്പോൾ ഇയാൾ ഡൽഹിയിൽ സന്ദർശനം നടത്തിയിടത്തെല്ലാം ഇത്തരത്തിലുള്ള കലാപരിപാടികൾ അവതരിപ്പിച്ചു എന്ന് വ്യക്തമായി. ഏതായാലും കൈവെയ്പു ശുശ്രൂഷ ലഭിക്കുന്നതിനു മുൻപേ മത്തായിക്കുട്ടി ഡൽഹി വിട്ടു. (സംഗതി എങ്ങനെയുണ്ട് കെ.എ.ഏബ്രഹാമേ?)

# സണ്ണി കള്ളപ്രവാചകനാണ്



ഈ ഫോട്ടോയിൽ കാണുന്ന സണ്ണി എന്ന ശാമുവൽ തോമസ് ദുർന്നടപ്പുകാരനും കള്ളപ്രവാചകനാണ്. ദൈവമക്കൾ സൂക്ഷിക്കുക.

ദൈവത്തിൽ നിന്നും അത്ഭുത കൃപകൾ പ്രാപിച്ച വ്യക്തിയാണ് താനെന്നും തന്റെ മുൻപിൽ മറഞ്ഞിരിക്കുന്ന ഒരു രഹസ്യവുമില്ലെന്നും മറ്റുമാണ് സണ്ണി അവകാശപ്പെടുന്നത്. പ്രവചനമെന്നു കേട്ടാൽ പിന്നാലെ പായുന്ന വിഡ്ഢികളാണ് ഇയാളുടെ തട്ടിപ്പിനിരയാകുന്നത്.

ഓരോ സ്ഥലത്തും ഓരോ പേരാണ് ഇയാൾ പറയുക. സ്വന്തം വിലാസം കൊടുക്കുകയുമില്ല. മൊബൈൽ ഫോൺ വഴിയാണ് ബിസിനസ്സ് നടത്തുന്നത്. പക്ഷേ തെരഞ്ഞെടുപ്പു കമ്മീഷൻ ഇയാൾക്കു നൽകിയ വോട്ടേഴ്സ് ഐഡന്റിറ്റി കാർഡിൽ ഇയാളുടെ വിവരങ്ങൾ താഴെ പറയുന്ന വിധത്തിലാണ്: Samuel Thomas, 39 years, 480 (3/479F), Thenguvilayil, 9 Karippoothattu, Arpookara Panchayath, Kottayam.

വായിൽ തോന്നുന്നത് കോതയ്ക്കുപാട്ട് എന്ന വിധത്തിലാണ് പ്രവചനം. സ്ത്രീകളെ വശീകരിച്ച് തന്റെ കാമാർത്തി തീർക്കുകയാണ് മുഖ്യപരിപാടി. ചെന്നിടത്തെല്ലാം ഇയാൾ ഇത്തരത്തിലുള്ള തോന്ന്യാസങ്ങൾ കാണിച്ചിട്ടുണ്ട്. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക. ഇയാൾ നിങ്ങളുടെ ദേശത്തെത്തിയാൽ ഡിഫെൻഡർ ഓഫീസിൽ വിവരം അറിയിക്കുക.

# ജയം നമുക്കും സ്ഥലം മൂത്താനാർക്കും

ജയം നമുക്കും സ്ഥലം മൂത്താനാർക്കും എന്നു പറഞ്ഞതുപോലെയാണ് പെരുമ്പെട്ടിയിലെ കാര്യം. പെരുമ്പെട്ടി സഭയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിന്നുണ്ടായ വിധികളേക്കുറിച്ച് ഈയിടെ ഐ.പി.സി സ്റ്റേറ്റ് കൗൺസിലിൽ ചോദ്യമുണ്ടായി. ഈ കേസ്സുകൾ നടത്താൻ ചുമതലപ്പെട്ട ആൾ പറഞ്ഞ മറുപടിയുടെ ചുരുക്കം ഇതാണ്: ''ഒരു കേസ്സിലും ഐ.പി.സി. തോറ്റിട്ടില്ല''. ഏവർക്കും സന്തോഷമായി. അങ്ങനെ ഐ.പി.സി വിജയിച്ചതായി അവർ പ്രഖ്യാപിക്കയും ചെയ്തു. പക്ഷേ ഏബ്രഹാം ഷാജിക്കെതിരെ ഐ.പി.സി എടുത്ത നടപടികൾ കോടതി അംഗീകരിച്ചില്ലെന്നതും ഏബ്രഹാം ഷാജി പെരുമ്പെട്ടി സഭയിലെ പാസ്റ്ററായി സഭാഹാളിൽ ആരാധന നടത്തുന്നു എന്നതും വസ്തുതയാണ്. ഔദ്യോഗികപക്ഷം ഇപ്പോഴും പുറത്തുതന്നെ. പിന്നെ ഐ.പി.സി ജയിച്ചു എന്നു പറയുന്നതോ? അതാണ് പറഞ്ഞത് ''ജയം നമുക്കും സ്ഥലം മൂത്താനാർക്കും'' എന്ന്.

# സുവിശേഷം: അവറാച്ചൻ വഹ

സത്യം സത്യമായി പറഞ്ഞാൽ കെ.എ.ഏബ്രഹാം ഇത്ര വലിയ ഒരു വിവരദോഷിയാണെന്ന് അറിഞ്ഞിരുന്നില്ല. പക്ഷേ ഈ ചങ്ങാതി ചവർ ചാനലിൽ നടത്തുന്ന പ്രസംഗങ്ങൾ നിരന്തരം കേട്ടതോടെ ഏതു വിഡ്ഢിക്കും പെന്തക്കോസ്തിൽ പ്രസംഗകനായി വിലസാമെന്ന് വ്യക്തമായി. കഴിഞ്ഞ രണ്ടാഴ്ചക്കിടയിൽ കേട്ട അറിവിന്റെ മുത്തുകൾ ഇതാ:

കർത്താവിന്റെ കുരിശിന്റെ മുകളിൽ ഐ.എൻ.ആർ.ഐ എന്ന് എഴുതിയിരുന്നത്രേ. എവിടെനിന്നു കിട്ടി ഈ അറിവ്? ഏതായാലും ബൈബിളിൽ നിന്നല്ല എന്ന് വ്യക്തം. കാരണം ബൈബിളിൽ ഇങ്ങനെ പറയുന്നില്ല. ചിത്രങ്ങളിൽ കണ്ടത് ശരിയാണെന്ന് ധരിച്ച് പറഞ്ഞതാകാം. ക്രൂശിനു മുകളിൽ നാലു ഭാഷകളിൽ എഴുത്തുണ്ടായിരുന്നെന്നും എബ്രായ, അരാമ്യ, ഗ്രീക്ക് ഭാഷകളാണിവ എന്നും കെ.എ.ഏബ്രഹാം പറയുന്നു. നാലാമത്തെ ഭാഷ ഏതാണെന്ന് ഇദ്ദേഹത്തിനറിഞ്ഞുകൂടാ. അതു പോലെ കർത്താവ് പൂർണ്ണ നഗ്നനായിരുന്നില്ലെന്നും ഒരു ചെറിയ തുണി കൊണ്ട് നഗ്നത മറച്ചിരുന്നെന്നും ഇദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. ഇതും ബൈബിളിൽ നിന്നാകാൻ വഴിയില്ല. യേശുവിന്റെ ക്രൂശിനു മുകളിൽ എന്താണ് യഥാർത്ഥത്തിൽ എഴുതിയിരുന്നത്? അത് അറിയാൻ യോഹ. 19:19-20 നോക്കുക. ''നസറായനായ യേശു, യഹൂദൻമാരുടെ രാജാവ്'' എന്നായിരുന്നു ആ എഴുത്ത്. അത് എബ്രായ, റോമ, ഗ്രീക്ക് ഭാഷകളിൽ എഴുതിയിരുന്നു. അക്കാലത്ത് എബ്രായഭാഷ എന്നു പറഞ്ഞിരുന്നത് അരാമ്യഭാഷയേക്കുറിച്ചാണ്. റോമാഭാഷ ലാറ്റിനാണ്. റോമൻ കത്തോലിക്കരുടെ ഔദ്യോഗികഭാഷ ലാറ്റിൻ ആയതുകൊണ്ട് IESUS NAZARENUS REX IUDAEORUM എന്നതിന്റെ ചുരുക്കരൂപമായ INRI എന്ന് കത്തോലിക്കർ പ്രചരിപ്പിക്കുന്ന ചിത്രങ്ങളിൽ എഴുതുന്നു. യേശുവിനെ പൂർണ്ണ നഗ്നനായാണ് ക്രൂശിച്ചതെങ്കിലും അങ്ങനെ ചിത്രങ്ങളിൽ വരയ്ക്കാൻ പറ്റാത്തതുകൊണ്ട് അല്പം വസ്ത്രവും വരച്ചിട്ടുണ്ട്. ഇതാണ് വസ്തുത.

യോനാപ്രവാചകൻ ഒളിച്ചോടിയത് എവിടേക്ക്? തർശീശിലേക്ക് എന്ന് ബൈബിൾ പറയുന്നു. പക്ഷേ കെ.എ.ഏബ്രഹാം അത് സമ്മതിച്ചുതരികയില്ല. യോന പോയത് തർസോസിലേക്കാണെന്ന് ഈ വിദ്വാൻ പറയുന്നു. അബദ്ധം പറ്റിയതാണെന്നും പറയാനാവില്ല. കാരണം, ഇയാൾ ഇത് പലവട്ടം പറയുന്നുണ്ട്.

റ്റി.എൻ.റ്റി കണ്ടുപിടിച്ചതാര്? ഏതു കാലത്ത്? ജോസഫ് വിൽബ്രാന്റ് എന്ന ജർമ്മൻകാരനാണ് 1863ൽ Trinitrotoluene (TNT) കണ്ടുപിടിച്ചതെന്ന് കുട്ടികൾക്കുപോലും അറിയാം. പക്ഷേ റ്റി.എൻ.റ്റി. കണ്ടുപിടിച്ചത് വൈസ്മാനാണെന്നും രണ്ടാം ലോകമഹായുദ്ധകാലത്താണെന്നും കെ.എ.ഏബ്രഹാം പറയുന്നു.

ഒരു കെട്ടിടം ദൈവത്തിന്റെ ആലയമാകണമെങ്കിൽ അതിനുള്ളിൽ നിയമത്തിന്റെ കല്പലക, മന്ന ഇട്ടുവെച്ച പൊൻകലശം, അഹരോന്റെ തളിർത്ത വടി എന്നിവ വേണം എന്ന് കെ.എ.ഏബ്രഹാം ശഠിക്കുന്നു. നിയമ പെട്ടകത്തിൽ ഇവ മൂന്നും ആദ്യകാലത്ത് ഉണ്ടായിരുന്നു എന്നത് ശരിതന്നെ. പക്ഷേ ശലോമോൻ നിർമ്മിച്ച ദൈവാലയത്തിൽ പെട്ടകം വയ്ക്കുമ്പോൾ കല്പലക മാത്രമേ ഉണ്ടായിരുന്നുള്ളു. (1 രാജാ. 8:6-9). കെ.എ.ഏബ്രഹാം പറയുന്നതുപോലെയാണ് കാര്യങ്ങളെങ്കിൽ സമാഗമന കൂടാരം മാത്രമായിരുന്നു ദൈവാലയം. ശലോമോൻ, സെരുബാബേൽ, ഹേരോദാവ് എന്നിവർ നിർമ്മിച്ച ദൈവാലയങ്ങൾ യഥാർത്ഥ ദൈവാലയങ്ങളായി ദൈവം അംഗീകരിച്ചില്ല. പക്ഷേ കെ.എ.ഏബ്രഹാം പറയുന്നതല്ല ബൈബിൾ പറയുന്നതെന്ന് നമുക്കറിയാം.

തൂലികാനാമം എന്നാൽ എന്ത്? തൂലിക എന്നാൽ തൂവൽ. പണ്ട് തൂവലാണ് എഴുതാൻ ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് തൂലികാനാമം എന്നാൽ എഴുത്തുകാരൻ യഥാർത്ഥ പേരിന് പകരമായി ഉപയോഗിക്കുന്ന നാമം എന്നർത്ഥം. പക്ഷേ പള്ളിയിൽ നേർച്ച ശേഖരിക്കാൻ ഉപയോഗിക്കുന്ന പെട്ടി ''നേർച്ചപ്പെട്ടി'' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നു എന്ന് കെ.എ.ഏബ്രഹാം പറയുന്നു.

ചവറിൽ പത്തിരുപത് പ്രസംഗം നടത്തിയതോടെ കെ.എ.ഏബ്രഹാമിന് വിഷയദാരിദ്ര്യം അതികലശലായിരിക്കയാണ്. അതുകൊണ്ട് ഒത്തുവാക്യവും കൺകോഡൻസുമൊക്കെയാണ് ഇപ്പോൾ പ്രസംഗം. ഏതെങ്കിലും ഒരു വാക്കെടുത്തിട്ട് ആ വാക്ക് ബൈബിളിൽ എവിടെയെല്ലാം വരുന്നു എന്ന് കൺകോഡൻസ് നോക്കി മനസ്സിലാക്കും. അവയിൽ നിന്ന് ചില വാക്യങ്ങൾ തെരഞ്ഞെടുത്ത് ദിവ്യ മൊഴികളെന്ന നിലയിൽ അവതരിപ്പിക്കും. അതാണ് ഇപ്പോൾ നടക്കുന്നത്. താൻ മഹാപണ്ഡിതനാണെന്ന് കാണിക്കാൻ ഏസ്, നോ, നെവർ എന്നൊക്കെ, പുട്ടിന് പീരപോലെ, പറയുകയും ചെയ്യും. ഇത്തരം ഒരു പ്രസംഗത്തിലെ വിഷയം കാറ്റ് ആയിരുന്നു. ദൈവം മനുഷ്യന്റെ മൂക്കിൽ ഊതിയതാണ് ബൈബിളിൽ കാണുന്ന ആദ്യ കാറ്റെന്നും പ്രവൃ.2:1ൽ കാണുന്നതാണ് പുതിയനിയമത്തിലെ ആദ്യ കാറ്റെന്നും കെ.എ.ഏബ്രഹാം കണ്ടുപിടിച്ചു. കർത്താവും ശിഷ്യൻമാരും സഞ്ചരിച്ച പടകിനെതിരെ അടിച്ച കാറ്റ് അപ്പോക്രീഫായിലാണെന്നു തോന്നുന്നു. നോഹയുടെ പെട്ടകത്തെ കാറ്റടിപ്പിച്ച് ദൈവം അരാരാത്ത് പർവ്വതത്തിൽ ഉറപ്പിച്ചകാര്യം പറഞ്ഞിട്ട് നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളുടെ കാറ്റുമായി അത് താരതമ്യം ചെയ്ത് ഈ ചങ്ങാതി വ്യാഖ്യാനിക്കുന്നു. ഇവ തമ്മിൽ എന്താണ് ബന്ധമെന്ന് ഒരു പിടിയും കിട്ടുന്നില്ല.

''ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്തത്താൽ രക്ഷിക്കുവാൻ ദൈവത്തിനു പ്രസാദം തോന്നി'' എന്ന് ബൈബിൾ പറയുന്നു. (1കൊരി.1:21). പക്ഷേ ഈ ഭോഷത്തംകൊണ്ട് മനുഷ്യരെ രക്ഷിക്കാൻ പറ്റില്ലെന്ന് കെ.എ. ഏബ്രഹാം കണ്ടുപിടിച്ചു. വെറുതെ പ്രസംഗിച്ചതുകൊണ്ട് ജനങ്ങൾക്ക് കാര്യം പിടികിട്ടുകയില്ല. തെരുക്കൂത്ത് മോഡലിൽ നാടകമായി അവതരിപ്പിച്ചാൽ സുവിശേഷം പെട്ടെന്ന് ഗ്രഹിക്കാനാകും. അതുകൊണ്ട് കെ.എ.ഏബ്രഹാം ഇപ്പോൾ തെരുക്കൂത്ത് മുഖ്യ പരിപാടിയായി സ്വീകരിച്ചിരിക്കയാണ്. പാപത്തിന്റെ ജയിലിൽ പാപി കിടക്കുന്നതും അവനെ രക്ഷിക്കാൻ പലരും ശ്രമിച്ച് പരാജയപ്പെടുന്നതും ഒടുവിൽ യേശു വന്ന് രക്ഷിക്കുന്നതും മറ്റുമാണ് തെരുക്കൂത്തിലുള്ളത്. പ്രസംഗത്തിന്റെ ഭോഷത്തത്തേക്കാൾ ഇതാണ് ഫലപ്രദം എന്നത്രേ കെ.എ.ഏബ്രഹാം പറയുന്നത്. കർത്താവിനു പറ്റിയ തെറ്റ് കെ.എ.ഏബ്രഹാം തിരുത്തുന്നു. ഇതൊക്കെ കണ്ട് കൈയ്യടിക്കാനും ഹാലേലൂയ്യാ പറയാനും ഒട്ടേറെ വിഡ്ഢികൾ തയ്യാറാകുന്നുമുണ്ട്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ദൈവം ഹാബേലിന്റെ യാഗത്തിൽ പ്രസാദിച്ചു, പക്ഷേ കയീന്റെ യാഗത്തിൽ പ്രസാദിച്ചില്ല. എന്തുകൊണ്ട്?

■ ഈ ചോദ്യത്തിന് പുതുമയൊന്നും അവകാശപ്പെടാനില്ല. കാരണം, കയീന് എവിടെനിന്ന് ഭാര്യയെ കിട്ടി എന്ന ചോദ്യത്തോളമെങ്കിലും പഴക്കമുള്ളതാണ് ഈ ചോദ്യം. മാത്രമല്ല, ഈ ചോദ്യത്തിന് കൃത്യമായ ഒരു ഉത്തരം പറയാനും സാദ്ധ്യമല്ല. ബൈബിളിൽ ഏറെയൊന്നും ഈ വിഷയത്തേക്കുറിച്ച് പറയുന്നില്ല എന്നതുതന്നെ കാരണം.

ഈ ചോദ്യത്തിന് സാധാരണയായി പറഞ്ഞുകേൾക്കുന്ന ഒരു മറുപടി ആദ്യമായി പറയാം:

ഹാബേലിന്റെ വഴിപാട് രക്തച്ചൊരിച്ചിലിലൂടെയുള്ളതായിരുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല എന്ന് ദൈവവചനം പറയുന്നു. കയീന്റെ യാഗത്തിൽ രക്തച്ചൊരിച്ചിൽ ഇല്ലായിരുന്നു. സ്വന്തം കൃഷിഫലത്തിൽ നിന്നാണ് അവൻ വഴിപാട് കൊണ്ടുവന്നത്. സ്വന്തം പ്രവർത്തിയിലൂടെ രക്ഷപ്രാപിക്കാൻ ശ്രമിക്കുന്നതിനു തുല്യമാണിത്. യേശുക്രിസ്തുവിലൂടെയല്ലാതെ ആർക്കും രക്ഷപ്രാപിക്കാൻ കഴിയുകയില്ല എന്നതിനാലാണ് കയീന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാതിരുന്നത്.

നിയമമില്ലാത്തിടത്ത് നിയമലംഘനവുമില്ല. ഏതു വിധത്തിലാണ് യാഗം നടത്തേണ്ടതെന്ന് ദൈവം നിർദ്ദേശം കൊടുത്തിരുന്നില്ല. അതുകൊണ്ട് അവർ നിയമം ലംഘിച്ചു എന്ന് പറയുന്നതെങ്ങനെ? അതിന് സാധാരണയായി പറഞ്ഞുകേൾക്കുന്ന മറുപടി ഇതാണ്: ദൈവം ആട്ടിൻതോലുകൊണ്ട് ആദംഹവ്വമാർക്ക് ഉടുപ്പുണ്ടാക്കി കൊടുത്തു എന്ന് ബൈബിൾ പറയുന്നു. യാഗത്തിനുള്ള മാതൃകയായിരുന്നു അത്. ഈ വസ്തുത മാതാപിതാക്കളിൽ നിന്നും കയീൻ അറിഞ്ഞിരുന്നെങ്കിലും അതിനു വിരുദ്ധമായി പ്രവർത്തിച്ചു. അതാണ് പ്രശ്നത്തിന് കാരണമായത്.

ആത്മീയ ഭ്രാന്തുപിടിച്ചവരെ തൃപ്തിപ്പെടുത്താൻ ഈ വ്യാഖ്യാനങ്ങൾക്ക് കഴിയുമെങ്കിലും വസ്തുനിഷ്ഠമായി ദൈവവചനം പഠിക്കുന്നവർക്ക് ഈ ഉത്തരം തൃപ്തികരമാവില്ല എന്നു തീർച്ച. അതുകൊണ്ട് ബൈബിളിൽ ഇതേപ്പറ്റി എന്തു പറയുന്നു എന്ന് നോക്കാം:

1. കയീൻ നിലത്തെ അനുഭവത്തിൽനിന്നു യഹോവയ്ക്ക് ഒരു വഴിപാടു കൊണ്ടുവന്നു. (അങ്ങനെ ചെയ്യാൻ പാടില്ല എന്ന് അതുവരെ ദൈവം കല്പിച്ചിരുന്നില്ല).
2. ഹാബേൽ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽനിന്ന്, അവയുടെ മേദസ്സിൽ നിന്നു തന്നേ, ഒരു വഴിപാടു കൊണ്ടുവന്നു. (അങ്ങനെ ചെയ്യുന്നത് എന്തുകൊണ്ട് ശ്രേഷ്ഠമാകുന്നു എന്ന് ദൈവവചനം പറയുന്നില്ല).
3. യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. (കാരണം വ്യക്തമാക്കുന്നില്ല).
4. ''നീ നൻമ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകുകയില്ലയോ'' എന്ന് ദൈവം ചോദിക്കുന്നു. പക്ഷേ എന്തു തിൻമയാണ് കയീൻ ചെയ്തതെന്ന് പറയുന്നില്ല.
5. ''വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു; അതിനാൽ അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു; ദൈവം അവന്റെ വഴിപാടിനു സാക്ഷ്യം കല്പിച്ചു. മരിച്ചശേഷം അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു'' എന്ന് എബ്രായലേഖനത്തിൽ കാണുന്നു. പക്ഷേ എന്തു വിശ്വാസത്തേക്കുറിച്ചാണ് പറയുന്നതെന്ന് വ്യക്തമല്ല. ദൈവം തന്റെ യാഗത്തിൽ പ്രസാദിക്കുമെന്ന വിശ്വാസമായിരുന്നോ? അത്തരമൊരു വിശ്വാസം കയീന് ഇല്ലാതെപോയതാണോ പ്രശ്നം?

വീണ്ടും പറയട്ടെ: ഈ ചോദ്യങ്ങൾക്കൊന്നും ദൈവവചനത്തിൽ വ്യക്തമായ മറുപടിയില്ല. എങ്കിലും തങ്ങൾ പിടിച്ച മുയലിന് കൊമ്പ് നാല് എന്ന രീതിയിൽ ചിലർ സിദ്ധാന്തങ്ങൾ ഉണ്ടാക്കാറുണ്ട്. പക്ഷേ അങ്ങനെയെന്തെങ്കിലുമൊക്കെ പറഞ്ഞ്, പാണ്ഡിത്യപ്രകടനം നടത്തി, സാധുക്കളെ വഴിതെറ്റിക്കാൻ ഡിഫെൻഡർ തയ്യാറല്ല. അതുകൊണ്ട് ദൈവവചനത്തിൽ കാണുന്ന തിലധികമായി ഒന്നും പറയാതെ ഈ വിഷയം വിടുന്നു. (രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ള പ്രശ്നം ഇവിടെയില്ലല്ലോ).

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# അച്ചൻകുഞ്ഞ് ഇലന്തൂരിന് പിതാക്കൻമാർ എത്രയുണ്ട്?

മരുപ്പച്ചയുടെ എഡിറ്ററായ അച്ചൻകുഞ്ഞ് ഇലന്തൂരിന് എത്ര പിതാക്കൻമാരുണ്ട്? രണ്ടോ? അതോ മൂന്നോ? ആഗസ്റ്റ് 20 ലക്കം മരുപ്പച്ച കണ്ടപ്പോഴാണ് ഈ സംശയമുണ്ടായത്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം ദൈവമക്കളാണെന്ന് അച്ചൻകുഞ്ഞ് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധത്തിൽ പലവട്ടം പറഞ്ഞിട്ടുണ്ട്. കത്തോലിക്കർ ഉൾപ്പെടെയുള്ളവരെല്ലാം ദൈവമക്കളാണെന്ന് ഏതാനും ആഴ്ചമുൻപ് എഴുതിയതുമാണ്. പക്ഷേ ഇതിന് വിപരീതമായ കാര്യങ്ങളാണ് ആഗസ്റ്റ് 20 ലക്കത്തിൽ കാണുന്നത്. കത്തോലിക്കാസഭക്കെതിരെ കാനമച്ചൻ ഉൾപ്പെടെയുള്ളവരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതെന്തു മറിമായം? കത്തോലിക്കർ ദൈവമക്കളാണെങ്കിൽ അവർക്കെതിരെ ഇത്ര കഠിനമായ വിമർശനങ്ങൾ നടത്തുന്നത് ശരിയാണോ? ഐ.പി.സിയുടെ ഭരണഘടനയിലുള്ള വിശ്വാസപ്രമാണം സാങ്കേതികമായി അംഗീകരിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അത് ശരിയാണെന്ന് വിശ്വസിക്കുന്നില്ല എന്ന് അച്ചൻകുഞ്ഞ് പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെ ഓരോ ദിവസവും ഓരോ നിലപാട് സ്വീകരിക്കുന്നത് ഒന്നലധികം പിതാക്കൻമാരുള്ളതുകൊണ്ടല്ലേ മാളോരേ?

# ലൂക്ക് വിഡ്ഢിവേഷം കെട്ടി

ടി.എസ്.ഏബ്രഹാമിന്റെ മകളായ സ്റ്റാർലയുടെ (മേഴ്സി) ഭർത്താവായ മേജർ ലൂക്കുമായി ചവറിന്റെ ചെയർമാനായ കെ.സി.ജോൺ നടത്തിയ ഒരു അഭിമുഖ സംഭാഷണം ഈയിടെ ചവറിൽ കണ്ടു. ലൂക്ക് ഒരു സാധുവാണ്. അതുകൊണ്ട് അഭിമുഖം അത്ര മോശമായിരുന്നില്ല. പക്ഷേ കെ.സി.ജോണാണ് ഈ അഭിമുഖം നടത്തിയതെന്ന വസ്തുത പരിഗണിക്കുമ്പോഴാണ് ദു:ഖം തോന്നുന്നത്.

സംഗതി ചുരുക്കി പറയാം. ലൂക്ക്-മേഴ്സി ദമ്പതികൾക്ക് കുട്ടികളില്ല. പക്ഷേ ഈ ദൗർഭാഗ്യം അവർക്കു സമ്മാനിച്ചതിൽ കെ.സി. ജോണിനുള്ള പങ്ക് വളരെ വലുതാണ്. ചില വർഷങ്ങൾക്കു മുൻപ് മേഴ്സി ചെറുപ്പമായിരുന്ന കാലത്താണ് ഇതിനാധാരമായ സംഭവമുണ്ടായത്. കെ.സി.ജോൺ മേഴ്സിയുമായി അടുത്തു. അടുത്തു എന്നു പറഞ്ഞാൽ ശരിക്കും അടുത്തു. അങ്ങനെ മേഴ്സി ഗർഭിണിയായി. കാര്യം പുറത്തറിഞ്ഞാലുള്ള പുകില് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. അതുകൊണ്ട് ഇരുചെവി അറിയാതെ പ്രശ്നം പരിഹരിച്ചു, എന്നു പറഞ്ഞാൽ ഗർഭഛിദ്രം നടത്തി.

ഗർഭഛിദ്രം നടത്തുക എന്നത് വളരെ സൂക്ഷിച്ചു ചെയ്യേണ്ട കാര്യമാണ്. എന്തെങ്കിലും പാകപ്പിഴ ഉണ്ടായാൽ മരണംവരെ സംഭവിച്ചെന്നുവരാം. മേഴ്സിയുടെ കാര്യത്തിൽ എന്തൊക്കെയോ പിഴച്ചു. എങ്കിലും മാരകമായിരുന്നില്ല ആ കൈപ്പിഴ. പക്ഷേ, അതോടെ മേഴ്സി വന്ധ്യയായി. ആ വസ്തുത അപ്പോൾ ആരും അറിഞ്ഞില്ലെന്നു മാത്രം. ഇതൊന്നുമറിയാതെയാണ് ലൂക്ക് മേഴ്സിയെ വിവാഹം കഴിച്ചത്. സ്വാഭാവികമായും അവർക്ക് കുട്ടികളുണ്ടായതുമില്ല. പക്ഷേ എന്തുകൊണ്ട് കുട്ടികളുണ്ടായില്ല എന്ന് പാവം ലൂക്ക് ഇതുവരെ അറിഞ്ഞിട്ടില്ല. തന്റെ ജീവിതം തകർത്ത നീചനാണ് തന്നെ ഇന്റർവ്യൂ ചെയ്യുന്നതെന്നും അറിഞ്ഞില്ല. (ഇതാണ് ദു:ഖകരമായ ആ സത്യം).

### അബോർഷൻ വന്ധ്യതക്ക് കാരണമാകുമോ? വായിക്കുക:

90% of abortions are done in the first trimester. However, a late abortion frequently requires a material called laminaria to dilate the cervix. This makes the passage large enough to allow a suction tube to be inserted. The laminaria could weaken the cervix and conceivably cause infertility. If the physician scrapes too hard, the lower lining of the uterus can be removed. This is extremely rare. An untreated infection can scar the uterus and cause later fertility problems. The infection rate for first trimester abortions is less than 1%. Most women monitor their body temperature after an abortion to detect if an infection has occurred. Early detection should prevent any problems. A woman who already have gonorrhea or chlamydia are very likely to suffer pelvic inflammatory disease which causes infertility. They are particularly susceptible to damage from PID after an abortion. This can be avoided by obtaining a STD test before the abortion. The suction tube can perforate both the uterus and a large blood vessel or intestine. If the latter happens, then surgery may be required. The surgery can cause infertility. Perforation of the uterus is also quite rare.

**Source: (http://www.religioustolerance.org/abo_infe.htm)**

There are many complications from abortion, infertility being the most devastating, other contributing factors are STDs such as genital wart viruses treated with cryotherapy. Long-term physical complications from abortions may surface later. For example, overzealous currettage can damage the lining of the uterus and lead to permanent sterility. Overall, women who have abortions face an increased risk of ectopic (tubal) pregnancy and a more than doubled risk of future sterility. Perhaps most important of all, the risk of these sorts of complications, along with risks of future miscarriage, increase with subsequent abortions. **Source: (http://www.health-science-report.com/miscarriage/infertility/abortion-and-infertility.html)**

### Can abortion lead to infertility?

A surgical termination of pregnancy can be performed up to 13 weeks. This may be performed under local or a general anaesthetic. A sterile tube is introduced into the uterus through the cervix. Suction is applied through the tube and the pregnancy terminated. Most women leave hospital on the same day. Inflammation of the Fallopian tubes and ovaries caused by the Chlamydia organism is the most common cause of infertility following an abortion. Examination for Chlamydia is now routine in most hospitals and clinics and, if necessary, the patient will be treated before the abortion is carried out.

**Sourse: http://www.netdoctor.co.uk/health_advice/facts/abortion.htm**

# ആർ.ഏബ്രഹാം വിവരക്കേട് പറയുന്നു

കർത്താവായ യേശുക്രിസ്തു ചാനൽ തുടങ്ങിയത്രേ. പറയുന്നത് ചവർ ചാനലിന്റെ നേതാക്കൻമാരിൽ ഒരാളായ ആർ. ഏബ്രഹാമാണ്. പാവപ്പെട്ടവന്റെ പോക്കറ്റടിക്കാൻ ചവർ ചാനൽ ഈയിടെ ആരംഭിച്ച പവ്വർ ക്ലബ്ബിന്റെ ഗുണഗണങ്ങൾ വാഴ്ത്തിപ്പാടുന്നതിനിടയിലാണ് ആർ.ഏബ്രഹാം ഈ വിവരക്കേട് എഴുന്നെള്ളിച്ചത്. ചവറിന് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ ചവറിന്റെ ഭാരവാഹികൾ അന്യോന്യം പറഞ്ഞ് ആശ്വസിക്കുന്നത് ഇങ്ങനെയാണത്രേ: ''കർത്താവാണ് ഈ ചാനൽ തുടങ്ങിയതെങ്കിൽ കർത്താവ് ഇത് നിലനിർത്തും''. കർത്താവ് ചാനൽ തുടങ്ങിയെന്ന് പറയണമെങ്കിൽ അസാമാന്യ വിവരക്കേടുവേണം. ആർ.ഏബ്രഹാമിന് അതുണ്ട്. പക്ഷേ ദുരുപദേശം പ്രചരിപ്പിക്കുന്ന ഈ ചാനൽ കർത്താവിന്റേതാണെന്നു പറയുന്നതിലൂടെ ഇയാൾ കർത്താവിനെ അവഹേളിക്കുകയാണ്.

# പുതുപ്പള്ളിയച്ചൻ സമാധാനം ഇല്ലാതാക്കും

പി.ജി.വർഗീസിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചുവരുന്ന ''സമാധാനം'' മാസിക സാമാന്യം നിലവാരമുള്ള പ്രസിദ്ധീകരണമാണ്. ഇതിന്റെ എഡിറ്ററായി ജോലി നോക്കിയിരുന്ന സഹോദരൻ ഈയിടെ മരിച്ചു.

ഇപ്പോഴിതാ ഈ മാസികയുടെ പത്രാധിപരായി പുതുപ്പള്ളിയച്ചനെ നിയമിച്ചതായി വാർത്ത വന്നിരിക്കുന്നു. തട്ടിപ്പുകാരനും വ്യഭിചാരിയും കൂട്ടക്ഷരവൈരിയുമായ പുതുപ്പള്ളിയച്ചൻ ഈ മാസിക കുരങ്ങന്റെ കൈയ്യിൽ കിട്ടിയ പൂമാലപോലെയാക്കും. ഈ ശുനകനെയല്ലാതെ ആരേയും പി.ജി.വർഗീസിന് പത്രാധിപരായി കിട്ടിയില്ലേ? (ഏതായാലും ഡിഫെൻഡറിന് പണിയായി).

# ബെന്നി എവിടെ?

ബെന്നി പുന്നത്തറ എവിടെ അജ്ഞാ? ഈയിടെയായി മേല്പടിയാനെ കാണുന്നില്ലല്ലോ.

ചക്കരയും ഈച്ചയും പോലെയുള്ള ബന്ധമായിരുന്നു അജ്ഞൻകുഞ്ഞും ബെന്നിയും തമ്മിൽ. കത്തോലിക്കാമതപ്രചാരകനായ ബെന്നി പുന്നത്തറ മരുപ്പച്ചയിൽ സ്ഥിരമായി എഴുതിയിരുന്നു. ഇതിനെതിരെ ഡിഫെൻഡർ നിരന്തരം പ്രതികരിക്കയും ചെയ്തിരുന്നു. അങ്ങനെയിരിക്കെയാതൊരു മുന്നറിയിപ്പും കൂടാതെ ബെന്നി ഇതാ അപ്രത്യക്ഷനായിരിക്കുന്നു. ഇതെന്തു മറിമായം?

ബെന്നി അപ്രത്യക്ഷനായതോടൊപ്പം റെജി മൂലേടം ബെന്നിയുടെ സ്ഥാനം കൈയ്യടക്കുകയും ചെയ്തിരിക്കുന്നു. ബെന്നി ശരിക്കും വിടവാങ്ങിയതാണെന്ന് വ്യക്തം. ഇനി ഇതിന്റെ കാരണമെന്തെന്നുകൂടി അറിഞ്ഞാൽ മതി. ബെന്നിയോടോ കത്തോലിക്കാസഭയോടോ ഉള്ള വിയോജിപ്പുകൊണ്ടല്ല ബെന്നിയെ ഒഴിവാക്കിയതെന്ന് തീർച്ച. പെന്തക്കോസ്തുകാരുടെ എതിർപ്പുമൂലമാണോ? അതോ അജ്ഞന് കത്തോലിക്കാബന്ധമില്ലെന്ന് വരുത്തിത്തീർക്കാനാണോ?

# മരുമകന്റെ ദുർന്നടപ്പ്: സി.ഐ.ചെറിയാൻ രാജിവച്ചു

മരുമകന്റെ ദുർന്നടപ്പ് വിവാദമായതോടെ ഐ.പി.സി ആയൂർ സെന്റർ പാസ്റ്ററായ സി.ഐ.ചെറിയാൻ രാജിവച്ചു. വ്യഭിചാരം തൊഴിലാക്കിയ കെ.സി. ജോർജിന്റെ ദുർന്നടപ്പ് പരസ്യമായതാണ് രാജിക്ക് കാരണം.

പത്തനാപുരം സെന്റർ പാസ്റ്ററായ ഈ.സി.ജോർജിന്റെ മരുമകനാണ് സി.ഐ.ചെറിയാൻ. ഇദ്ദേഹത്തിന്റെ മകളുടെ ഭർത്താവാണ് ദുർന്നടപ്പുവീരനായ കെ.സി.ജോർജ്. ഇയാൾ ശുശ്രൂഷിച്ച സഭകളിലെല്ലാം ദുർന്നടപ്പ് ഒരു അവകാശംപോലെ അനുഭവിച്ചുവരികയായിരുന്നു.

പണ്ട് ഇയാൾ ഏഴോലി സഭയിലെ പാസ്റ്ററായിരുന്നു. ആ സഭയിലെ വിശ്വാസിയായ ഒരു സ്ത്രീയെ ഇയാൾ സ്ഥിരം വെപ്പാട്ടിയായി വെച്ചിരുന്നു. അവിടെനിന്നാണ് പെരുമ്പെട്ടി ഐ.പി.സിയിൽ എത്തിയത്. പെരുമ്പെട്ടിയിലും ഇയാൾ വ്യഭിചാരം പൂർവ്വാധികം ഭംഗിയായി തുടർന്നു.

പെരുമ്പെട്ടിയിൽ നിന്നും വെള്ളിയറ സഭയിൽ എത്തിയ ശേഷം ഒരു വിശ്വാസിയുമായി അവിഹിതബന്ധം ആരംഭിച്ചു. ഒരിക്കൽ സഭയിൽ ഉപവാസ പ്രാർത്ഥന നടക്കുന്നതിനിടയിൽ ഈ സ്ത്രീ പുറത്തേക്ക് പോയി. അല്പം കഴിഞ്ഞ്, മൂത്രശങ്ക തീർക്കാനെന്ന് തോന്നുന്ന വിധത്തിൽ കെ.സി.ജോർജും പുറത്തേക്ക് പോയി. തിരിച്ചുവരേണ്ട സമയം കഴിഞ്ഞിട്ടും പാസ്റ്ററെ കാണാതായപ്പോൾ ചില വിശ്വാസികൾ അന്വേഷണം ആരംഭിച്ചു. ഒടുവിൽ രണ്ടുപേരേയും തൊണ്ടി സഹിതം ബാത്ത് റൂമിൽ വെച്ച് പിടികൂടി. അങ്ങനെ സഭയിൽ നിന്ന് ഔട്ടായി.

ഏതു വ്യഭിചാരിയേയും സഹായിക്കാൻ കെ.സി.ജോൺ തയ്യാറാണല്ലോ. അങ്ങനെ, കെ.സി.ജോർജ് കെ.സി.ജോണിനെ അഭയം ചൊല്ലി. കുറച്ചുകാലം ഇയാൾ കെ.സി.ജോണിന്റെ ആശ്രിതനായി കഴിഞ്ഞു. അതിനിടയിൽ മരുമകനെ രക്ഷിക്കാനുള്ള പദ്ധതിക്ക് സി.ഐ.ചെറിയാൻ രൂപം കൊടുത്തു.

തന്റെ അധീനതയിലുള്ള വയക്കൽ (ആയൂർ സെന്റർ) സഭയിൽ സി.ഐ.ചെറിയാൻ ശുശ്രൂഷകനായി. ഏതാനും ആഴ്ച കഴിഞ്ഞ് ഒരു സഭായോഗത്തിന് മരുമകനെ അവിടേക്ക് വിട്ടു. കാലക്രമത്തിൽ അയാളെ അവിടത്തെ പാസ്റ്ററാക്കി.

അണ്ണാൻ മൂത്താലും മരംകയറ്റം നിർത്തില്ല എന്നു പറഞ്ഞതുപോലെ കെ.സി.ജോർജ് അവിടേയും കലാപരിപാടി തുടങ്ങി. പല സ്ത്രീകളോടും അവിഹിതബന്ധമുണ്ടായിരുന്നെങ്കിലും ഗൾഫിൽ ജോലിയുള്ള ഒരു സഹോദരന്റെ ഭാര്യയുമായായാണ് ഏറെ അടുത്തത്. രണ്ടു മക്കളുള്ള ഈ സ്ത്രീയുമായി ആവശ്യത്തിൽ അധികം അടുത്തതോടെ അവരുടെ ഭവനത്തിൽ വെച്ചും പല സ്ഥലങ്ങളിൽ സഞ്ചരിച്ച് ലോഡ്ജുകളിലും മറ്റും താമസിച്ചും ദുർന്നടപ്പ് പൊടിപൊടിച്ചു. ഒടുവിൽ ആ സ്ത്രീക്ക് കെ.സി.ജോർജിനെ പിരിയാൻ വയ്യെന്നായി. രണ്ടുപേരും ചേർന്ന് ഒളിച്ചോടാൻ പദ്ധതിയിട്ടു. ബാങ്കിലുണ്ടായിരുന്ന പണവും മറ്റും എടുത്ത് പെട്ടിയും പൂട്ടി പല ദിവസങ്ങൾ ഈ സ്ത്രീ കാത്തിരുന്നെങ്കിലും ജോർജ് എത്തിയില്ല. വിവരം അറിയാനായി ഈ സ്ത്രീ പാഴ്സനേജിൽ എത്തി. എങ്ങനെയെങ്കിലും തന്നെ ഒഴിവാക്കാനാണ് പാസ്റ്ററുടെ ശ്രമമെന്ന് അവർക്കു ബോദ്ധ്യമായി. അത് വഴക്കിൽ കലാശിച്ചു. പാസ്റ്ററുടെ അസ്സൽ ഭാര്യ ഈ സ്ത്രീയെ അടിക്കവരെ ചെയ്തു. പക്ഷേ പ്രശ്നം അവിടംകൊണ്ട് തീർന്നില്ല. സഭായോഗത്തിനിടയിൽ ഈ സ്ത്രീ സകലതും വിളിച്ചുപറഞ്ഞു. നിൽക്കക്കള്ളിയില്ലാതായപ്പോൾ കെ.സി.ജോർജ് സ്ഥലം വിട്ടു. സി.ഐ.ചെറിയാൻ രാജി വെയ്ക്കയും ചെയ്തു.



# മോഷണായി ഭോഷ്ക്കായി

മോഷണായിയുടെ പേര് ഭോഷ്ക്കായി എന്നു മാറ്റേണ്ടിവരുമോ? കഴിഞ്ഞലക്കം സുഭാഷിതം വായിച്ച ചിലർ ഇങ്ങനെയൊരു സംശയം ചോദിക്കയുണ്ടായി. സംഭവം ചുരുക്കി പറയാം:

റ്റി.എസ്.ബാലനേയും മകനേയും കോടതി വീണ്ടും ശിക്ഷിച്ചോ എന്ന് അന്വേഷിച്ചുകൊണ്ട് ചില കത്തുകളും ഫോൺ വിളികളും രണ്ടാഴ്ച മുൻപ് ഡിഫെൻഡർ ഓഫീസിൽ എത്തുകയുണ്ടായി. എന്താണ് സംഭവിച്ചതെന്ന് ഒരു പിടിയും കിട്ടിയില്ല. വിശദമായി അന്വേഷിച്ചപ്പോഴാണ് കാര്യം മനസ്സിലായത്. റ്റി.എസ്. ബാലനേയും മകനേയും കോടതി ശിക്ഷിച്ചു എന്നൊരു വാർത്ത മോഷണായിയുടെ പത്രമായ സുഭാഷിതത്തിന്റെ ഓഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടത്രേ. 15 മാസം മുൻപ് ഇത്തരം ഒരു സംഭവം ഉണ്ടായെന്നത് ശരിതന്നെ. എല്ലാ മലയാള പത്രങ്ങളിലും ആ വാർത്ത വന്നിരുന്നു. ഡിഫെൻഡർ ഇതേപ്പറ്റി വിശദമായി എഴുതുകയും ചെയ്തിരുന്നു. അതുകൊണ്ട് ഈ സംഭവത്തിന് ഇപ്പോൾ വാർത്താപ്രാധാന്യമില്ല. പിന്നെ ഇങ്ങനെയൊരു വാർത്ത മോഷണായി പ്രസിദ്ധീകരിക്കാൻ കാരണമെന്ത്?

ഞങ്ങൾക്ക് സുഭാഷിതം ലഭിക്കുന്നില്ല. അതുകൊണ്ട് സുഭാഷിതത്തിൽ എന്താണെഴുതിയിരിക്കുന്നതെന്ന് കൃത്യമായി അറിഞ്ഞുകൂടാ. എങ്കിലും കേട്ടറിവുവെച്ച് പറയാം: ബാലനേയും മകനേയും കോടതി ശിക്ഷിച്ചതായാണ് മോഷണായി എഴുതിയിരിക്കുന്നത്. ബാലനേയും മകനേയും 15 മാസം മുൻപ് ശിക്ഷിച്ച കാര്യമാണ് മോഷണായി പറയുന്നതെങ്കിൽ, മാലോകരെല്ലാം അറിഞ്ഞ ഈ കാര്യം ഇപ്പോൾ വീണ്ടും പറയേണ്ട കാര്യമില്ല. ഇതിന് ഒരു വിധത്തിലുള്ള വാർത്താപ്രാധാന്യവുമില്ല. ബാലനെ എങ്ങനെയെങ്കിലും അവഹേളിക്കണം എന്ന ഏക ഉദ്ദേശ്യമേ ഇതിന്റെ പിന്നിലുള്ളൂ എന്ന് സാമാന്യ ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാകുകയും ചെയ്യും.

ബാലനേയും മകനേയും വീണ്ടും ശിക്ഷിച്ചെന്നാണ് മോഷണായി പറയുന്നതെങ്കിൽ അത് പച്ചക്കള്ളമാണ്. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. 14 മാസം മുൻപ് പത്തനംതിട്ട ജില്ലാ കോടതിയിൽ റ്റി.എസ്. ബാലൻ കൊടുത്ത അപ്പീൽ, വാദത്തിനായി ഇതുവരെ പോസ്റ്റ് ചെയ്തിട്ടുപോലുമില്ല. പിന്നെങ്ങനെ വിധിയുണ്ടാകും? മോഷണായി ഇപ്പോൾ ഭോഷ്ക്കായിയാണെന്ന് വ്യക്തം.

ഇതിന്റെയൊക്കെ പിന്നിലുള്ള യഥാർത്ഥ കാരണം ഇതൊന്നുമല്ല. മോഷണായിയുടെ അവാർഡ് ദാന ബിസിനസ്സ് റ്റി.എസ്. ബാലന്റെ ശല്യം കാരണം നടക്കാതായിട്ട് ഒരു വർഷത്തോളമായി. അവാർഡ് കൊടുക്കാമെന്നു പറഞ്ഞ് നിരവധി ആളുകളെ മോഷണായി അടുത്ത കാലത്ത് സമീപിച്ചെങ്കിലും ഫലമുണ്ടായില്ല. ഡിഫെൻഡർ വായിക്കുന്ന പെന്തക്കോസ്തുകാർ ഈ ചുമ്മാഅവാർഡ് വാങ്ങാൻ തയ്യാറാകുന്നില്ല. വളരെ പണിപ്പെട്ടാണ് ഈയിടെ പി.പി.ജോബിനെ കണ്ടെത്തിയത്. സംഗതിക്ക് ഒരു ഗമയൊക്കെ ഉണ്ടാക്കാൻ രമേശ് ചെന്നിത്തലക്കും അവാർഡ് പ്രഖ്യാപിച്ചു. കൂടാതെ, വേറെ 18 വിഡ്ഢികൾക്കും പുരസ്ക്കാരം കൊടുക്കുന്നുണ്ട്. ബാലൻ ഇതിനെതിരെ പ്രതികരിക്കുമെന്ന് തീർച്ച. അതു കൊണ്ട് ബാലനെ അഡ്വാൻസായി അവഹേളിക്കാൻ തീരുമാനിക്കുകയായിരുന്നു. ഒരുവകമുൻകൂർ ജാമ്യം എടുക്കൽ.

മോഷണായിയുടെ കോപത്തിന് മറ്റൊരു കാരണംകൂടി ഉണ്ട്. സ്വന്തം മഹത്ത്വം മാലോകരെ അറിയിക്കാൻ ജൂലൈ ലക്കം സുഭാഷിതത്തിൽ മോഷണായിയുടെ 26 ഫോട്ടോകൾ പ്രസിദ്ധീകരിച്ചിരുന്നു. ഈ അസാമാന്യ തൊലിക്കട്ടിക്കുള്ള അംഗീകാരമെന്ന നിലക്ക് ഡിഫെൻഡർ മോഷണായിക്ക് തൊലിശ്രീ അവാർഡ് പ്രഖ്യാപിക്കയും ചെയ്തിരുന്നു. 15 മാസം മുൻപുണ്ടായ കോടതിവിധി വാർത്തയാക്കി ബാലനെ അവഹേളിക്കാൻ മോഷണായി നിർബ്ബന്ധിതനായത് ഇങ്ങനെയാണ്.

ബാലന്റെ ഡിഗ്രികൾ പോസ്റ്റിൽ കിട്ടിയതാണെന്ന് മോഷണായി കണ്ടെത്തിയിരിക്കുന്നു. പോസ്റ്റിൽ കിട്ടിയോ നേരിട്ടു ചെന്ന് വാങ്ങിയോ എന്നതല്ല അംഗീകാരമുള്ളതാണോ എന്നാണ് നോക്കേണ്ടത്. ബാലന്റെ കൈവശമുള്ള എല്ലാ സെക്യൂലർ ഡിഗ്രികളും ഇന്ത്യാ ഗവൺമെന്റും യു.ജി.സിയും അംഗീകരിച്ചതാണ്. തിയോളജി ഡിഗ്രികൾ സെരാംപൂർ, അല്ലെങ്കിൽ എ.റ്റി.എ ആംഗീകരിച്ചതുമാണ്. അതുകൊണ്ട് മോഷണായി അംഗീകരിച്ചില്ലെങ്കിലും കുഴപ്പമില്ല. പണം കൊടുത്തു വാങ്ങിയ ചുമ്മാ ഡിഗ്രികൾ ബാലന്റെ കൈവശമില്ല. മാത്രമല്ല, ബാലൻ ഒരിക്കലും റ്റി.എസ്.ബാലൻ ബി.എ., എം.എ., എം.എ., എം.എ., എം.എ., ബി.ഡി., എം.റ്റി.എച്ച്, (എൽ.എൽ.ബി.), (ഡി.മിൻ.) എന്ന് എഴുതിവെച്ചിട്ടുമില്ല. അത്രക്ക് ശുംഭനല്ല ബാലൻ. മോഷണായി ഉൾപ്പെടെ ആർക്കും ബാലന്റെ വീട്ടിലെത്തി ഡിഗ്രികൾ നേരിൽ കണ്ട് ബോദ്ധ്യപ്പെടാവുന്നതുമാണ്.

ബാലൻ ഭീഷണിപ്പെടുത്തി പണം വാങ്ങുന്നെന്നും പണം കൊടുക്കാത്തവരേക്കുറിച്ച് അപവാദം എഴുതുന്നെന്നും മറ്റും ചില ആരോപണങ്ങളും മോഷണായി ഉന്നയിക്കുന്നുണ്ട്. നൂറ്റൊന്നാവർത്തിച്ച ഈ ഭോഷ്ക്ക് ഇനിയും ചെലവാകില്ല ഭോഷ്ക്കായീ. 15 കൊല്ലം മുൻപ് ബാലൻ നാഗാലാന്റിൽ നിന്നും കേരളത്തിലെത്തിയപ്പോൾ ഒരു ചില്ലിക്കാശുപോലും കടമില്ലായിരുന്നു. പക്ഷേ ഇപ്പോൾ ഏകദേശം പത്തുലക്ഷം രൂപ കടമുണ്ട്. അവയിൽ ചിലത് ബ്ലേഡ് കമ്പനിയിലുള്ള കടവുമാണ്. ഭോഷ്ക്കായി ആരോപിക്കുന്നതു പോലെ ബാലൻ ഭീഷണിപ്പെടുത്തി പണം പിടുങ്ങിയിരുന്നെങ്കിൽ കടം ഉണ്ടാകുമായിരുന്നില്ല. കോടീശ്വരനാകാനും കഴിയുമായിരുന്നു.

ബാലൻ ലോകത്തിലെ ഏറ്റവും വലിയ പാപിയാണെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചതുകൊണ്ടും പ്രശ്നം തീരുന്നില്ല. ജൂലൈ ലക്കം സുഭാഷിതത്തിൽ മോഷണായിയുടെ 26 ഫോട്ടോ ഉണ്ടായിരുന്നു എന്നത് നേരാണ്. അസാമാന്യ തൊലിക്കട്ടി ഉള്ളവർക്കു മാത്രമേ ഇങ്ങനെ ചെയ്യാൻ കഴിയൂ. ഈ തൊലിക്കട്ടിക്ക് അവാർഡ് കൊടുക്കുന്നതോ ആ



അവാർഡിന് തൊലിശ്രീ എന്ന് പേരിടുന്നതോ തെറ്റാണെന്ന് പറയാനാവുമോ? മോഷണായി അവാർഡ് ബിസിനസ് നടത്തുന്നു എന്നതും ശരിതന്നെ. ഉപവാസത്തേക്കുറിച്ച് മറ്റുള്ളവർ എഴുതിയ ലേഖനങ്ങൾ മോഷ്ടിച്ച് സ്വന്തം പേരിൽ പുസ്തകമാക്കിയാണ് മോഷണായി എന്ന നാമധേയം നേടിയെടുത്തതെന്ന വസ്തുതയും നിഷേധിക്കാനാവില്ല. ബാലൻ നല്ലവനായാലും മോശക്കാരനായാലും മോഷണായിയുടെ അശുദ്ധി മാറില്ലെന്ന് ചുരുക്കം.

ഏകദേശം 12 വർഷം മുൻപാണ് ബാലൻ മോഷണായിയെ പരിചയപ്പെടുന്നത്. അന്ന് ഈ ചങ്ങാതി ചിങ്ങവനം തമ്പിയുടെ ആശ്രിതനായിരുന്നു. കാക്കനാട്ടുള്ള ഒരു സഭയിൽ ശുശ്രൂഷകനുമായിരുന്നു. ഏതു കള്ളനും സസുഖം വാഴാനുള്ള അനുവാദം ചിങ്ങവനം തമ്പിയുടെ സഭയിലുണ്ടെങ്കിലും മോഷണായിയെ ഉൾക്കൊള്ളാൻ അവർക്കുപോലും കഴിഞ്ഞില്ല. മോഷണായിയുടെ ലീലാവിലാസങ്ങൾ കാക്കനാട്ടുകാർക്കും അസഹ്യമായി. അങ്ങനെ തമ്പിയെ വിട്ട് മോഷണായി ഐ.പി.സിയിൽ ചേർന്നു. ഏറെ താമസിയാതെ, എം.റ്റി.എച്ചിന് പഠിക്കാനെന്ന പേരിൽ ബാംഗ്ലൂരിലേക്ക് പോയി.

എം.റ്റി.എച്ച്. പഠനം പൊടിപൂരമായി നടന്നു. അസൈൻമെന്റുകൾ കൃത്യമായി ചെയ്തുകൊണ്ടിരുന്നു. പക്ഷേ പരീക്ഷ വന്നപ്പോഴാണ് പ്രശ്നമായത്. തെറ്റുകൂടാതെ ഒരു വാചകം എഴുതാനുള്ള അറിവ് മോഷണായിക്കില്ല. ഉത്തരക്കടലാസിൽ മോഷണായി എഴുതിവെച്ചിരിക്കുന്നതു വായിച്ച് അദ്ധ്യാപകർ പൊട്ടിച്ചിരിച്ചു. അസൈൻമെന്റുകൾ മറ്റുള്ളവരേക്കൊണ്ടെഴുതിച്ച് കൊടുത്തതാണെന്നും വ്യക്തമായി. അതോടെ മോഷണായി ഔട്ട്.

നാട്ടിൽ മടങ്ങിയെത്തിയ മോഷണായി ഒരു പണിയും ഇല്ലാതെ നടക്കുന്ന കാലത്താണ് പണക്കാരനായ ഒരാളുമായി ചേർന്ന് റീമാ ഇന്റർനാഷണൽ എന്ന ബുക്ക്സ്റ്റാൾ തുടങ്ങിയത്. തിരുവല്ലയിൽ മാത്രം ഒതുങ്ങി നിൽക്കുന്ന റീമ എങ്ങനെയാണ് ഇന്റർനാഷണൽ ആയതെന്ന് ചോദിച്ചേക്കാം. വിദേശ രാജ്യങ്ങളിലുള്ളവർക്ക് ഇന്ത്യ വിദേശമാണല്ലോ. അതുകൊണ്ട് തിരുവല്ലയിലുള്ള ബുക്ക്സ്റ്റാൾ ഇന്റർനാഷണലാണ്. തിരുവല്ല ഈ പ്രപഞ്ചത്തിന്റെ ഭാഗമായതുകൊണ്ട് റീമാ യൂണിവേഴ്സൽ എന്നും വിളിക്കാം. (കുളിച്ചില്ലെങ്കിലും സംഗതി പുരപ്പുറത്ത് കിടക്കട്ടെ).

പുസ്തകക്കച്ചവടവുമായി മാത്രം നടന്നാൽ പോരാ എന്ന് മോഷണായിക്ക് തോന്നി. എങ്ങനെയെങ്കിലും വീണ്ടും പാസ്റ്ററാകണം. വളരെ ആലോചിച്ച് ഒരു വിദ്യ കണ്ടുപിടിച്ചു, കെ.സി. ജോണിനെ അഭയം പ്രാപിക്കുക. പക്ഷേ കെ.സി.ജോൺ വലിയ താല്പര്യം കാണിച്ചില്ല. അതോടെ, മോഷണായിയുടെ ഭാര്യ സാലി രംഗത്തെത്തി. കെ.സി. ജോണിനെ എങ്ങനെ വശത്താക്കാം എന്ന് സാലിക്ക് നന്നായറിയാം. എന്തിനേറെ പറയുന്നു, മോഷണായി ഐ.പി.സിയിലെ പാസ്റ്ററായി. പക്ഷേ ഇതിനിടയിൽ ഒരു ചെറിയ ബുദ്ധിമുട്ടുണ്ടായി. മോഷണായിയെ പാസ്റ്ററാക്കാൻ സാലി കെ.സി.ജോണിനോടൊപ്പം ബുക്ക് സ്റ്റാളിൽ ഇരുന്ന് പരിശ്രമിക്കുന്ന രംഗം പുസ്തകം വാങ്ങാൻ എത്തിയ പലരും കണ്ടു. (ഇവർ ഏതു കോടതിയിലും സാക്ഷി പറയാൻ തയ്യാറാണ്). വിവരമറിഞ്ഞ പാർട്ണർ വഴിപിരിഞ്ഞു. അങ്ങനെ ബുക്ക്സ്റ്റാൾ മോഷണായിയുടെ സ്വന്തമായി.

അപ്പോൾ മറ്റൊരു പ്രശ്നം തലപൊക്കി. ഇടപാട് തീർക്കാനായി പാർട്ണർക്ക് കൊടുക്കാനുള്ള പണം എത്രയും വേഗം കൊടുക്കണം. എന്താണ് വഴി? ഒരു ഗൾഫ് പര്യടനം നടത്തുക. അങ്ങനെ, ഭാര്യയെ കെ.സി.ജോണിന് വിട്ടുകൊടുത്തിട്ട് മോഷണായി വിദേശപര്യടനത്തിനു പോയി. മാസങ്ങൾ കഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ സാലി പച്ചമാങ്ങാ തിന്നുന്നു. ഏതായാലും മോഷണായി മാന്യനാണ്. ഈ അരുമ സന്താനത്തേയും സ്വന്തംപോലെ കരുതി വളർത്തുന്നു. (സ്വന്തമെന്ന പദത്തിനെന്തർത്ഥം.....???).

ബാലൻ എം.റ്റി.എച്ചിന്റെ അവസാന വർഷം പഠിക്കുമ്പോൾ മോഷണായി ഒന്നാം വർഷക്കാരനായി അവിടെയെത്തി. സയാക്സിൽ ആയുധം വെച്ച് കീഴടങ്ങിയ മോഷണായി അങ്ങനെ ആയുധം പോലുമില്ലാതെ എ.ഐ.റ്റിയിൽ എത്തി. വല്ലവരേക്കൊണ്ടും അസൈൻമെന്റ് ഉണ്ടാക്കിച്ച് കൊടുത്ത് എം.റ്റി.എച്ച് നേടാമെന്നായിരുന്നു ചിന്ത. കെ.ഇ. ഏബ്രഹാമിനേക്കുറിച്ച് ഒരാൾ ഇംഗ്ലീഷിൽ എഴുതിയ പുസ്തകം കോപ്പിയടിച്ചു തിസ്സീസായി കൊടുക്കാമെന്നും കരുതിയിരുന്നു. (തിസ്സീസ് എന്നു പറഞ്ഞാൽ പുസ്തകം എന്നാണ് മോഷണായി മനസ്സിലാക്കി വെച്ചിരിക്കുന്നത്). അങ്ങനെ ഒരു വർഷം പഠിച്ചു. അസൈൻമെന്റ് മാത്രം പോരാ, ആണ്ടുതോറും പരീക്ഷയും എഴുതണമെന്ന് അപ്പോഴാണ് മോഷണായി അറിഞ്ഞത്. അതോടെ അവിടെനിന്നും മുങ്ങി.

തിരുവല്ലയിലും പരിസര പ്രദേശങ്ങളിലും ആയിരുന്നു മോഷണായി സഭാശുശ്രൂഷ ചെയ്തിരുന്നത്. എന്നാൽ ഈ വിശുദ്ധന്റെ ദുർന്നടപ്പ് സഹിക്കാവുന്നതിലും അപ്പുറമായപ്പോൾ പത്തനംതിട്ട ജില്ലയിലുള്ള ഒരു ഐ.പി.സി സഭക്കും ഇദ്ദേഹത്തെ വേണ്ടാതായി. (അമ്മായിയപ്പൻ മുറ്റത്തിരിക്കുമ്പോൾ മരുമകളെ മുറിക്കുള്ളിൽവച്ച് ബലാൽസംഗം ചെയ്യാൻ ശ്രമിച്ച സംഭവം വരെ ഉണ്ടായി. ഇതേപ്പറ്റി ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ). മറ്റൊരു നിവൃത്തിയും ഇല്ലാതായപ്പോൾ മോഷണായി ഇടുക്കി ജില്ലയിലേക്ക് കടന്നു. മോഷണായിയുടെ അമ്മായിയപ്പൻ അവിടെ മൂന്നോ നാലോ സഭകളുടെ സെന്റർ ബോൾട്ടായി വിലസുന്നുണ്ട്. (ശാരോന്റെ പാസ്റ്ററായിരുന്ന അമ്മായിയപ്പൻ ശാരോന്റെ സഭാഹാൾ സഹിതം ഐ.പി.സിയിൽ ചേർന്നാണ് സെന്റർ ബോൾട്ടായത്). അവിടെ പോത്തിൻകണ്ടം എന്ന സ്ഥലത്തുള്ള ഒരു സഭയുടെ പാസ്റ്ററായി മോനായിയെ അമ്മായിയപ്പൻ നിയമിച്ചു. മാത്രമല്ല, ആ സെന്ററിന്റെ സെക്രട്ടറിയുമായി മോഷണായി. ഏറെ താമസിയാതെ ഈ വിദ്വാൻ അവിടെയൊരു ബൈബിൾ കോളേജ് സ്ഥാപിച്ചു. ഏഷ്യയിലെ ഏറ്റവും വലിയ ബൈബിൾ കോളേജ് ഇതായിരിക്കുമെന്ന് പ്രഖ്യാപിക്കയും ചെയ്തു. അടുത്തകാലം വരെ ഈ ബൈബിൾ കോളേജിന്റെ ബോർഡ് അവിടെയുണ്ടായിരുന്നു. ഇപ്പോൾ അതുപോലും കാണില്ല.

ഒരു പത്രം ഉണ്ടെങ്കിൽ ഷൈൻ ചെയ്യാൻ വളരെയെളുപ്പമാണെന്ന് ഭോഷ്ക്കായി മനസ്സിലാക്കി. ഈ ചങ്ങാതിക്ക് അക്ഷരം അറിയില്ലെങ്കിലും സ്വന്തം (?) ഭാര്യയായ സാലിക്ക് പത്രപ്രവർത്തനത്തിൽ ഡിപ്ലോമയുണ്ട്. അങ്ങനെ സുഭാഷിതം എന്ന പേരിൽ മോഷണായി പത്രം തുടങ്ങി. ദീപസ്തംഭം മഹാശ്ചര്യം എന്നു പറഞ്ഞതുപോലെയുള്ള നയമാണ് മോഷണായി ആരംഭം മുതൽ സ്വീകരിച്ചുവരുന്നത്. സകല പെന്തക്കോസ്ത് നേതാക്കൻമാരേയും സമുദായങ്ങളിലെ തിരുമേനിമാരേയും പുകഴ്ത്തും. സംഭാവന, പരസ്യം തുടങ്ങിയ ഇനങ്ങളിൽ സഹായം ചെയ്യാൻ കഴിവുള്ള ആരേയും ഒഴിവാക്കില്ല. ഇത്തരക്കാരുടെ ചെറിയ ലേഖനങ്ങൾ ഫോട്ടോ സഹിതം പ്രസിദ്ധീകരിക്കും. പത്രത്തിന്റെ പകുതിയിൽ അധികം പേജുകളിൽ ഇതുതന്നെയാണ് ഉണ്ടാകുക. ഇവർക്കെല്ലാം മോഷണായിതന്നെ അവാർഡുകളും കൊടുക്കും. ഭാവിയിൽ പരസ്യം തരാൻ സാധ്യതയുണ്ടെന്നു കരുതുന്നവർക്കും അവാർഡ് കൊടുക്കും. ഇപ്പോൾ കൊടുക്കുന്ന അവാർഡുകളുടെ പിന്നിലുള്ള രഹസ്യവും ഇതുതന്നെ.

സുഭാഷിതത്തിന് അഞ്ചുലക്ഷത്തിൽ അധികം വായനക്കാർ ഉണ്ടെന്നാണ് മോഷണായി സുഭാഷിതത്തിൽത്തന്നെ എഴുതിവെച്ചിരിക്കുന്നത്. ഇത്രവലിയ ഭോഷ്ക്കുപറയുന്നവനെ ഭോഷ്ക്കായി എന്നല്ലാതെ എന്താണ് വിളിക്കേണ്ടത്?

ഇത്രയുമൊക്കെ ദോഷങ്ങൾ പറഞ്ഞെങ്കിലും മോഷണായിക്കുള്ള ചില ഗുണങ്ങൾ പറയാതിരിക്കാൻ വയ്യ. ലജ്ജയില്ലായ്മയുടെ കാര്യത്തിൽ മോഷണായിക്ക് തുല്യം മോഷണായി മാത്രം. പണം, പ്രശസ്തി, അധികാരം തുടങ്ങിയവ നേടിയെടുക്കാൻ ഏതളവുവരെ താഴാനും ഇദ്ദേഹം തയ്യാർ. തന്റെ സഹായം കൂടാതെ ഭാര്യ സമ്പാദിച്ച അരുമ സന്താനത്തെ സ്വന്തം കുഞ്ഞിനേപ്പോലെ വളർത്താനും മോഷണായി തയ്യാറായി. ആണായി പിറന്ന ആരും ഇങ്ങനെയൊന്നും ചെയ്യാൻ തയ്യാറാകുമെന്ന് തോന്നുന്നില്ല. മോഷണായിയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നതും ഇതൊക്കെത്തന്നെ. ഇത്രയും ഗുണഗണങ്ങളുണ്ടെങ്കിലും മോനായിയെ എതിർക്കാതിരിക്കാൻ ഡിഫെൻഡറിന് കഴിയുന്നില്ല. മോഷണായി ക്ഷമിക്കണം.

# അവാർഡിന്റെ തണലിൽ

മോഷമായി കൊടുക്കുന്ന അവാർഡുകൾ വാങ്ങിക്കുന്നത് ആരൊക്കെ എന്ന് ഒന്നാം പേജിൽ വിശദീകരിച്ചുകഴിഞ്ഞു. അവരിൽ രമേശ് ചെന്നിത്തല, മാർ ക്രിസോസ്റ്റം എന്നിവരേക്കുറിച്ച് ഒന്നാം പേജിൽ എഴുതിയിട്ടുമുണ്ട്. ഏബ്രഹാം മന്ദമരുതി അവാർഡ് സ്വീകരിക്കുന്നില്ലെന്ന് പ്രഖ്യാപിച്ചിട്ടുമുണ്ട്. ബാക്കിയുള്ളവരേക്കുറിച്ചാണ് ഇവിടെ വിശദീകരിക്കുന്നത്.



പി.പി.ജോബിനെ അറിയാത്തവർ ഏറെയുണ്ടെന്ന് തോന്നുന്നില്ല. സുവിശേഷം വിറ്റ് കാശുണ്ടാക്കുന്നതെങ്ങനെ എന്നറിയണമെങ്കിൽ പി.പി.ജോബിന് ശിഷ്യപ്പെടുക. ഉടുതുണിക്ക് മറുതുണിയില്ലാതെ ഇറങ്ങിത്തിരിച്ച ഈ അല്പൻ അത്ഭുതകരങ്ങളിലിരുന്ന് വളർന്നു. ഇപ്പോൾ ഇയാൾക്ക് എത്രകോടിയുടെ ആസ്തിയുണ്ടെന്ന് പറയാനാവാത്ത സ്ഥിതിയാണുള്ളത്. പീഡയനുഭവിക്കുന്നവരുടെ കണ്ണുനീർ വിറ്റാണ് ഈ നീചൻ ആദ്യകാലങ്ങളിൽ പണമുണ്ടാക്കിയിരുന്നത്. ഒരു മകൻ വാഹനം മുട്ടി മരിച്ചതോടെ ജോബിന്റെ നല്ലകാലം തെളിഞ്ഞു. മകനെ സുവിശേഷവിരോധികൾ കൊന്നതാണെന്ന് പച്ചക്കള്ളം പറഞ്ഞ് ലോകമെമ്പാടു നിന്നും പണം പിരിച്ചു. അങ്ങനെ മകനെ രക്തസാക്ഷിയാക്കിപ്പിരിച്ച പണം ഉപയോഗിച്ച് ഇയാൾ ഒരു സാമ്രാജ്യംതന്നെ ഉണ്ടാക്കിയിട്ടുണ്ട്. (വരും ലക്കങ്ങളിൽ ഇതേപ്പറ്റി വിശദീകരിക്കാം.)

മക്കൾചത്താലും വേണ്ടില്ല പണം ഉണ്ടായാൽ മതി എന്ന നിലപാടെടുത്ത ജോബിന്റെ മറ്റൊരു മകനും (ഗൾഫിൽ വച്ച്) വാഹനാപകടത്തിൽ മരിച്ചു. ഈ മകനെ രക്തസാക്ഷിയാക്കാൻ ഒരു പഴുതും ജോബ് കണ്ടില്ല. എങ്കിലും ഈ മകന്റെ മരണം മൂലം ഉണ്ടായ സഹതാപ തരംഗവും ഇയാൾ ഇപ്പോൾ മുതലാക്കിക്കൊണ്ടിരിക്കുന്നു.

പണം, പ്രശസ്തി തുടങ്ങിയവയിൽ ജോബിനുള്ള ആർത്തി മനസ്സിലാക്കിയ മോഷണായി ജോബിനെ സമീപിച്ചു. സുഭാഷിതത്തിന്റെ പേരിൽ ജോബിന് ഒരു അവാർഡ് കൊടുക്കാം. സംഗതി ചുണയുള്ളതാക്കാൻ രമേശ് ചെന്നിത്തല, മാർ ക്രിസോസ്റ്റം തുടങ്ങിയവർക്കും അവാർഡ് കൊടുക്കാം. ഗവർണ്ണറേയോ കേന്ദ്രമന്ത്രിയേയോ അവാർഡ്ദാനച്ചടങ്ങിൽ ക്ഷണിച്ചുവരുത്താം. ഒറ്റ കണ്ടീഷൻ മാത്രം. ചെലവുകൾ ജോബ് വഹിക്കണം. ജോബ് സമ്മതിച്ചു. ചെലവിലേക്കായി ഒരുലക്ഷം രൂപ കൊടുക്കുകയും ചെയ്തു. അങ്ങനെ ജോബിനും രമേശിനും തിരുമേനിക്കും പണം, പരസ്യം തുടങ്ങിയവ നൽകി സഹായിക്കുന്ന മറ്റു ചിലർക്കും നിഷ്പക്ഷത തോന്നിക്കാൻ ഏതാനും മാന്യൻമാർക്കും അവാർഡ് പ്രഖ്യാപിച്ചു.

ജോബിനേപ്പോലുള്ളവർ സകല ക്രിസ്ത്യാനികൾക്കും ദുഷ്പ്പേരുണ്ടാക്കുകയാണ്. ദൈവനാമം വിറ്റ് കാശാക്കുകയാണ്. ഇത്തരക്കാർ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു.



ജോർജ് മാത്യു പുതുപ്പള്ളി എന്ന അവാർഡ് ജേതാവിനെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. സാക്ഷാൽ ചെകുത്താൻ അവാർഡ് കൊടുത്താലും ഈ കള്ളൻ വാങ്ങും. അത്രക്ക് തറയാണിയാൾ.

കള്ളപ്രവാചകനായ എം.എ.വർഗീസാണ് അടുത്തത്. ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, അവയവങ്ങൾ വലിച്ചു നീട്ടൽ തുടങ്ങിയവയാണ് മുഖ്യ കലാപരിപാടികൾ. പത്താംക്ലാസ്സും ഐ.റ്റി.ഐയുമാണ് വിദ്യാഭ്യാസം. പക്ഷേ



താൻ ശാസ്ത്രജ്ഞനാണെന്നത്രേ ഈ ചങ്ങാതി അവകാശപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പേരിൽ തട്ടിപ്പു നടത്തി കോടീശ്വരനായിക്കഴിഞ്ഞു ഈ നീചൻ. മോഷണായിയുടെ അവാർഡ് വാങ്ങാൻ ഇയാൾ തികച്ചും യോഗ്യൻതന്നെ.



ശാരോന്റെ സെക്രട്ടറിയും അറിയപ്പെടുന്ന കള്ളനുമായ ടി.പി.ഏബ്രഹാമിനും മോഷണായിയുടെ അവാർഡ് യോജിക്കും. ചെറുപ്പത്തിൽത്തന്നെ സോദോമ്യനായി മാറിയ മകനും മുട്ടയിൽ നിന്ന് വിരിയുന്നതിനുമുൻപുതന്നെ വാത്സ്യായനശാസ്ത്രത്തിൽ പ്രായോഗികപരിശീലനം നേടിയ മകളുമുള്ള ടി.പി ഇന്നത്തെ പെന്തക്കോസ്ത് നേതൃത്വത്തിന്റെ പ്രതീകം തന്നെ.



ഡിഫെൻഡർ വായനക്കാർക്ക് കെ.എ.ഏബ്രഹാമിനെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. ഈ ചങ്ങാതി മോഷണായിയുടെ അവാർഡ് വാങ്ങിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

(ഇനിയുള്ളവരുടെ പടം ലഭ്യമല്ല)

പോൾ സുരേന്ദ്രൻ എന്ന മഹാനെ മിക്കവർക്കും പരിചയം കാണില്ല. ചെറിയനാട്ടായിരുന്നു ഇദ്ദേഹത്തിന്റെ പ്രവർത്തനം. ഇപ്പോൾ മദ്രാസിലാണ്. പത്രത്തിൽ പടം അടിച്ചുവരുന്നത് കണ്ട് നിർവൃതിയടയുന്ന കാര്യത്തിൽ കേമനാണ് ഇദ്ദേഹം. അതിനായി ഗില്ഗാൽ വോയ്സ് എന്നൊരു പത്രം നടത്തിയിരുന്നു. ഏതാനും ലക്കം ഇറക്കിക്കഴിഞ്ഞപ്പോൾ എഴുതാൻ വിഷയമില്ലാതായി. അതോടെ പത്രം നിർത്തി. ഇപ്പോൾ മദ്രാസിൽ നിന്ന് മോഷണായിക്ക് ചില കുറിപ്പുകളൊക്കെ അയച്ചുകൊടുക്കും. അതിനാണ് അവാർഡ്. പക്ഷേ ഈ അവാർഡിന്റെ പിന്നിൽ മറ്റൊരു രഹസ്യമുണ്ട്. സുരേന്ദ്രൻ എല്ലാ മാസവും മോഷണായിക്ക് പരസ്യം കൊടുക്കും. പരസ്യക്കൂലി വകയിൽ സ്ഥിരമായി 1000 രൂപയും കൊടുക്കും. സംഗതി അതാണ്.

പ്രശസ്തനാകാൻ അതിയായ ആഗ്രഹമുള്ളയാളാണ് റെജി കെ.തോമസ്. പണം വേണ്ടതിലധികം കൈയ്യിലുണ്ടുതാനും. മോഷണായിക്ക് പണം വേണം. റെജിക്ക് പ്രശസ്തി വേണം. അങ്ങനെ ഒരു പരസ്പരസഹായ സഹകരണമാണ് ഈ അവാർഡ്.

മേരി കോവൂരിന് സാക്ഷ്യം വകയിൽ അവാർഡ് കൊടുത്തിരിക്കുന്നു. തലയിൽ നീർക്കെട്ടുള്ള മകന് ദൈവം അത്ഭുതസൗഖ്യം കൊടുത്ത സാക്ഷ്യം ഇവർ പറഞ്ഞിരുന്നു എന്നത് നേര്. പക്ഷേ ആ മകൻ ഇപ്പോൾ വ്യഭിചാരവും മദ്യപാനവും മറ്റുമായി കുത്തഴിഞ്ഞ ജീവിതമാണ് നയിക്കുന്നത്. അതുകൊണ്ട് മേരി കോവൂർ ഇപ്പോൾ എന്തു സാക്ഷ്യമാണ് പറയുന്നതെന്ന് അറിഞ്ഞുകൂടാ. മേരി കോവൂരിനെ അവഹേളിക്കാനാണ് മോഷണായി അവർക്ക് ഈ അവാർഡ് കൊടുത്തതെന്ന് കരുതാം.

സൂസൻ ബി.ജോണിന് അവാർഡല്ല കവളൻമടലാണ് കൊടുക്കേണ്ടത്. മലയാള ഭാഷയോട് അവർ അത്രക്ക് ക്രൂരതയാണ് കാട്ടുന്നത്. മറ്റൊരു തൊഴിലുമില്ലാതെ അമേരിക്കയിൽ കഴിയുന്ന ഇവർക്ക് മലയാളഭാഷയോട് എന്താണിത്ര വിരോധമെന്ന് അറിഞ്ഞുകൂടാ. മണിക്കൂറിന് ഒരു പാട്ട് എന്ന ക്രമത്തിലാണ് ഇവർ പാട്ടെഴുതുന്നത്. സംഗതി സിമ്പിൾ: (ഭാവനയാണേ).

കർത്താവേ, നീയെന്റെ രക്ഷകനാണല്ലോ,
നീയില്ലേൽ ഞാൻ കറങ്ങിപ്പോകുമല്ലോ,
നീ വരാൻ എന്താ കർത്താവേ ഇത്ര ലേറ്റാകുന്നത്,
അർജന്റായിട്ട് നീ വരണേ കർത്താവേ.

ഈ മോഡലിൽ കവിത എഴുതാൻ ഏതു വിവരദോഷിക്കും കഴിയും. സൂസൻ ചെയ്യുന്നതും ഇതുതന്നെയാണ്. പക്ഷേ ഓരോ കവിതയോടും ഒപ്പം 50 ഡോളർ കൂടി സൂസൻ മോഷണായിക്ക് അയച്ചുകൊടുക്കും. അതുകൊണ്ട് മോഷണായി അവരുടെ പാട്ട് പത്രത്തിൽ പ്രസിദ്ധീകരിക്കും. ആണ്ടുതോറും അവാർഡ് കൊടുക്കുകയും ചെയ്യും.

ഡോ.ജോർജ് ശാമുവൽ മാന്യനാണ്. മോഷണായി തട്ടിപ്പുകാരനാണെന്ന വസ്തുത ഇദ്ദേഹത്തിന് അറിഞ്ഞുകൂടെന്നു വേണം കരുതാൻ. അറിഞ്ഞിരുന്നെങ്കിൽ മോഷണായിയുടെ അവാർഡ് വാങ്ങാൻ അദ്ദേഹം തയ്യാറാകുമായിരുന്നില്ല.

അവാർഡ് ജേതാക്കളുടെ പട്ടികയിൽ അഡ്വ. വർഗീസ് മാമ്മൻ, കുഞ്ഞ് കോടിയാട്ട്, എൻ.റ്റി.ജെ.കല്ലിശ്ശേരി, മാത്യു ഫിലിപ്പ്, നിസ്സി കുര്യൻ, സാബു ചാപ്രത്ത്, സ്മിത ചാക്കോ എന്നീ പേരുകളും കാണുന്നുണ്ട്. ഇവർ ആരാണെന്ന് അറിഞ്ഞുകൂടാ. അതുകൊണ്ട് മോഷണായിയുടെ അവാർഡ് വാങ്ങാനുള്ള ഗതികേടുണ്ടായ ഇവർക്ക് അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് വിടവാങ്ങുകയാണ്.



സാക്ഷാൽ ടി.എസ്.ഏബ്രഹാമാണ് അവാർഡുകൾ കൊടുക്കുന്നത്. ഏതാനും വർഷം മുൻപ് മോഷണായി ടി.എസ്.ഏബ്രഹാമിന് ക്രൈസ്തവരത്നം എന്നൊരു അവാർഡ് കൊടുത്തിരുന്നു. (വ്യഭിചാരരത്നം എന്ന അവാർഡായിരുന്നു അനുയോജ്യം).

(ഇക്കൊല്ലം അവാർഡ് ലഭിച്ചവരിൽ ജോർജ് സാമുവേൽ, റ്റി.പി.ഏബ്രഹാം, വർഗ്ഗീസ് മാമ്മൻ, മാത്യു ഫിലിപ്പ്, സൂസൻ ബി.ജോൺ എന്നിവർക്ക് മോഷണായി കഴിഞ്ഞ വർഷവും അവാർഡ് കൊടുത്തിരുന്നു.)

അടുത്ത കൊല്ലത്തെ അവാർഡിനായി ചില പേരുകൾ നിർദ്ദേശിക്കുന്നു: പി.ജെ.കുര്യൻ, കെ.എ.ഏബ്രഹാമിന്റെ അളിയനായ മത്തായിക്കുട്ടി, സുരേഷ് ബാബു, സാമച്ചൻ, ഡോ.ഡോ.ഡോ.കെ.സി.ജോൺ, ബാബു ജോർജ് റാന്നി, സാം കുഴിക്കാല, മേജർ ലൂക്ക്, ഡോ.ജോർജ് കോവൂർ, മാത്യൂസ് ചാക്കോ.

## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

## അവാർഡ് സ്വീകരിക്കില്ലെന്ന് ഏബ്രഹാം മന്ദമരുതി

മോഷണായിയുടെ അവാർഡ് കിട്ടിയവരുടെ കൂട്ടത്തിൽ ഏബ്രഹാം മന്ദമരുതിയുമുണ്ടെന്ന് കേട്ടപ്പോൾ അത്ഭുതം തോന്നി. പറയത്തക്ക കുഴപ്പമൊന്നുമില്ലാതെ ജീവിക്കുന്ന ഒരു ദൈവദാസനാണ് അദ്ദേഹം. മോഷണായിയുടെ അവാർഡ് വാങ്ങിക്കുന്ന നിലവാരത്തിലേക്ക് അദ്ദേഹം താഴ്ന്നോ? വിവരം അറിയാനായി അദ്ദേഹത്തെ ഫോണിൽ വിളിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് ഏബ്രഹാം മന്ദമരുതി പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

താൻ എഴുതിയ ''ദൈവപ്രസാദമുള്ളവർക്ക് സമാധാനം'', ''ചിന്തനീയമായ ദൃഷ്ടാന്തം'' എന്നീ പുസ്തകങ്ങളിൽ നിന്ന് ചില ഭാഗങ്ങൾ പത്രത്തിൽ പ്രസിദ്ധീകരിക്കാൻ മോനായി അനുവാദം ചോദിച്ചിരുന്നു. അത് അനുവദിക്കയും ചെയ്തു. പക്ഷേ അവാർഡ് പ്രഖ്യാപിക്കുന്നതിനു മുൻപ് അനുവാദം ചോദിക്കുകയോ നേരിൽ വിവരം അറിയിക്കയോ ചെയ്തില്ല. പത്രത്തിൽ നിന്നാണ് അവാർഡ് വാർത്ത അറിഞ്ഞത്. ഏതായാലും മോനായി കൊടുക്കുന്ന ഈ അവാർഡ് സ്വീകരിക്കാൻ ഏബ്രഹാം മന്ദമരുതി ആഗ്രഹിക്കുന്നില്ല.

(നാണമുള്ള ഒരാളെങ്കിലും ഉണ്ടെന്നു കാണുന്നതിൽ ഡിഫെൻഡർ സന്തോഷിക്കുന്നു).

RNI No. 68089 / 97
2007 September 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# ആന്റണി വാൾട്ടോ: തട്ടിപ്പിന്റെ ആൾരൂപം

''യേശുക്രിസ്തു ദൈവത്തിന്റെ സ്വന്തം നഗരത്തെ ഓർത്തു കരയുന്നു'' എന്ന തലക്കെട്ടോടെ ഒരു പരസ്യം മനോരമ എറണാകുളം എഡിഷനിൽ ഓഗസ്റ്റ് 12ന് കാണാനിടയായി. കർത്താവ് യെരൂശലേമിനെ നോക്കി കരഞ്ഞതായി ദൈവവചനത്തിലുണ്ട്. പക്ഷേ യെരൂശലേമിന്റെ കാര്യമല്ല കൊച്ചി നഗരത്തിന്റെ കാര്യമാണ് പരസ്യത്തിൽ പറയുന്നതെന്ന് ആ പരസ്യം മുഴുവൻ വായിച്ചപ്പോൾ മനസ്സിലായി.

കൊച്ചിയെ ദൈവത്തിന്റെ സ്വന്തം നഗരമായി ആരാണ് പ്രഖ്യാപിച്ചത്? എന്നാണ് ഈ പ്രഖ്യാപനം നടത്തിയത്? കൊച്ചിയെ ഓർത്ത് എപ്പോഴാണ് കർത്താവു കരഞ്ഞത്? ഒരു പിടിയുമില്ല.

ആന്റണി വാൾട്ടോ എന്നൊരാളാണ് ഈ പരസ്യം കൊടുത്തതെന്ന് അന്വേഷണത്തിൽ വ്യക്തമായി. സെപ്റ്റംബർ 21ന് വൈകിട്ട് ആറുമണിക്ക് ലീ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ ഇദ്ദേഹം ഒരു ''ആത്മീയ സംഗീത സായാഹ്നം'' ഒരുക്കുന്നുണ്ടത്രേ. ഇതിൽ സംബന്ധിച്ചാൽ ''നിങ്ങളുടെ ജീവിതത്തിൽ ദൈവീക സന്തോഷവും സമാധാനവും സ്വാതന്ത്രവും നിത്യതയുടെ അനുഗ്രഹവും അനുഭവിച്ചറിയാം'' എന്നും പരസ്യത്തിലുണ്ട്.

സംഗതിയുടെ വിശദാംശങ്ങൾ അറിയാൻ ഇവരുടെ www.yoursfaithfully.org എന്ന വെബ്സൈറ്റ് സന്ദർശിച്ചു. 153 ഗായകരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സമൂഹഗാനമാണ് പരിപാടിയെന്ന് അങ്ങനെയാണ് അറിഞ്ഞത്? എന്താണ് 153ന്റെ പ്രത്യേകത? പണ്ട് പത്രോസും കൂട്ടരും കർത്താവ് പറഞ്ഞതനുസരിച്ച് വലയിറക്കിയപ്പോൾ 153 വലിയ മീൻ കിട്ടിയില്ലേ? അതുതന്നെ. അതും ഇതും തമ്മിൽ എന്തു ബന്ധം? അതറിഞ്ഞുകൂടാ. എങ്കിലും സംഖ്യ രണ്ടും ഒന്നാണല്ലോ. അതുമതി.



സുവിശേഷം പ്രസംഗിക്കുന്നവർക്ക് ഒരു യോഗ്യതയും വേണ്ടെന്നും വെബ്സൈറ്റിൽ കണ്ടു. ആന്റണി വാൾട്ടോ പറയുന്നു:

**When you listen to a sermon**

The person 'who' is not important
The person 'why' is not important
The person 'how' is not important
The person 'known' is not important
The person 'nothing' is not important
The person 'something' is not important
The person 'qualification' is not important
The person 'personality' is not important
The person 'dress code' is not important
The person 'wealth' is not important

ദൈവവചനവിരുദ്ധമായ ഉപദേശമാണിത് എന്ന് ഒറ്റ നോട്ടത്തിൽതന്നെ മനസ്സിലായി. രക്ഷിക്കപ്പെടാത്തവർക്ക് ദൈവവചനം പ്രസംഗിക്കാൻ അധികാരമില്ലെന്ന് ബൈബിൾ വ്യക്തമാക്കുമ്പോൾ അത്തരത്തിലുള്ള ഒരു യോഗ്യതയും ദൈവവചനം പ്രസംഗിക്കുന്നവർക്കു വേണ്ടെന്ന് ഇദ്ദേഹം പ്രഖ്യാപിക്കുന്നതെന്തുകൊണ്ട്? അതേപ്പറ്റി അന്വേഷിച്ചപ്പോഴാണ് ആ ഭീകരരഹസ്യം മനസ്സിലായത്. പരിപാടി സംഘടിപ്പിക്കുന്ന ആന്റണി വാൾട്ടോക്ക് ദൈവവചനം പ്രസംഗിക്കാനുള്ള യോഗ്യതയില്ല. ഇയാൾ ഒന്നാംതരം തട്ടിപ്പുകാരനാണ്. ദൈവദാസന്റെ വേഷത്തിൽ നടന്ന് ഇയാൾ എറണാകുളത്തും പരിസരങ്ങളിലുമുള്ള ദൈവമക്കളെ കബളിപ്പിച്ച് ലക്ഷങ്ങൾ തട്ടിയെടുത്തവനാണ്. ഇയാളുടെ വാക്കു വിശ്വസിച്ച് കിടപ്പാടം വരെ നഷ്ടമായവരുണ്ട്.

ഒരു സഭയിലും അംഗത്വം എടുക്കേണ്ട എന്ന് ദൈവം ഇയാളോട് പറഞ്ഞത്രേ. എറണാകുളത്തുള്ള ഒരു സഭയിലും ഇയാളെ കയറ്റില്ല എന്നതാണ് വസ്തുത. അതുകൊണ്ട് ഞായറാഴ്ചകളിൽ മറ്റു പ്രദേശങ്ങളിൽ ചുറ്റി സഞ്ചരിച്ച് പ്രസംഗിക്കയാണ് ഇപ്പോഴത്തെ പരിപാടി. ഭാര്യയോടൊപ്പമാണ് സഞ്ചാരം. ഭാര്യ ഭർത്താവിന്റെ ഗുണഗണങ്ങൾ വാഴ്ത്തി സാക്ഷ്യം പറയും. അതുകഴിഞ്ഞ് ഭർത്താവ് ഭാര്യയെ പുകഴ്ത്തി സാക്ഷ്യം പറയും. താൻ ഇന്ത്യയിലും വിദേശത്തുമുള്ള നിരവധി കമ്പനികളിൽ മാനേജരും മറ്റും ആയിരുന്നെന്നും പറയും. ഈ കമ്പനികളിലെല്ലാം തട്ടിപ്പ് നടത്തി തടിതപ്പിയതാണെന്ന വസ്തുതമാത്രം ആരും അറിയുകയില്ല. പത്താംക്ലാസ്സ് പോലും ഈ ചങ്ങാതി പാസ്സായിട്ടില്ലെന്ന വസ്തുതയും ആരും അറിയുകയില്ല.

ഇയാളുടെ അപ്പൻ പണ്ട് മലേഷ്യയിൽ ഒരു ക്ലാർക്കായി ജോലിചെയ്തിരുന്നു. അക്കാലത്താണ് ഇയാൾ ജനിച്ചത്. മലേഷ്യയിൽ ജനിച്ചു എന്നത് വലിയ സംഭവമാണെന്ന് ഇയാൾ നിരന്തരം പറയാറുണ്ട്. വാൾട്ടോ കുറേക്കാലം തിരുവനന്തപുരം ജില്ലയിൽ ഒരു ക്ലിനിക്ക് നടത്തിയിരുന്നു. ഗർഭഛിദ്രം നടത്തലായിരുന്നു മുഖ്യ പരിപാടി. അതുകഴിഞ്ഞ് വിസ തട്ടിപ്പു നടത്തി മുങ്ങി. പല സ്ഥലങ്ങളിലും കറങ്ങിനടന്ന് തട്ടിപ്പുനടത്തി. ഒടുവിൽ എറണാകുളത്തെത്തി. തൊഴിൽ ഒന്നാകകൊണ്ട് ജോർജ് മാത്യു പുതുപ്പള്ളിയുമായി കൂട്ടുകൂടി. ടാക്സി ബിസിനസ്സ് മുതൽ വിവിധതരം ബിസിനസ്സുകൾ ചെയ്തു. സ്നേഹിച്ചവരേയും വിശ്വസിച്ചവരേയും കബളിപ്പിച്ചു. ഇടയ്ക്ക് ഗൾഫിൽ പോയി പെൺവാണിഭംവരെ നടത്തി. ഇപ്പോൾ കളമശ്ശേരിയിൽ താമസിച്ച് തട്ടിപ്പുതുടരുന്നു.

പണം തട്ടാൻ സുവിശേഷവേലയോളം നല്ല മാർഗ്ഗമില്ലെന്നു കണ്ടതുകൊണ്ട് വാൾട്ടോ ഇപ്പോൾ മെഗാ സംഗീതധാരയുമായി രംഗത്തെത്തിയിരിക്കയാണ്. എറണാകുളത്തുള്ള ഒരു സഭയും ഈ പരിപാടിയുമായി സഹകരിക്കില്ലെങ്കിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും വിദേശത്തും ഉള്ള സാധുക്കളെ കബളിപ്പിക്കാൻ ഇയാൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാകില്ല.


# നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

## വിഷയവിവരം:

| **C.D. 1 -** അടിസ്ഥാന വേദോപദേശങ്ങൾ | **C.D. 2 -** കൾട്ടുകൾ | **C.D. 3 -** ആത്മലോകം | **C.D. 4 -** ദുരുപദേശങ്ങൾ | **C.D. 5 -** ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |
| **C.D. 6 -** വ്യാഖ്യാനശാസ്ത്രം | **C.D. 7 -** ഭാവികാലശാസ്ത്രം | **C.D. 8 -** ബൈബിളിൽ തെറ്റുണ്ടോ? | **C.D. 9 -** ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | **C.D. 10 -** ധാർമ്മിക പ്രശ്നങ്ങൾ |
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 **ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**

**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

വില: (ഇന്ത്യയിൽ) ഒരു സി.ഡി - 100 രൂപ. 10 സി.ഡികളുടെ സെറ്റ് - 900 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. 10 സി.ഡികൾ - US$ 50 or Rs.2000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ - ബ്രദർ ആൻഡ്രൂസ്: 39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക. **DVD** ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan